# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



ജൂലൈ 3 – ദുക്റാന തിരുനാൾ

Vol. LXX July 2020 No.5



Accademia Alfonsiana യൂണിവേഴ്സിറ്റിയിൽനിന്ന്
Moral Theology യിൽ Human Genome Editing:
Anthropological and Bioethical Issues
എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ

**റവ. ഫാ. ജേക്കബ് താന്നിക്കപ്പൊറയ്ക്ക്**

പാലാ രൂപതയുടെ
പ്രാർത്ഥനാശംസകൾ




പാലക്കാട് രൂപതയിൽ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെ മെത്രാഭിഷേകകർമ്മത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സഹകാർമ്മികനായി പങ്കെടുക്കുന്നു.

ജൂലൈ 25 ന് നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്

## സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ



അരമനയിൽ SMYM ന്റെയും PSWS ന്റെയും ആഭിമുഖ്യത്തിൽ
പരിസ്ഥിതിദിനത്തിൽ അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് ഫലവൃക്ഷത്തൈ നടുന്നു.




അരമനയിൽവച്ച് പാലാ കോർപ്പറേറ്റിന്റെ നേതൃത്വത്തിൽ Online പഠനത്തിനു
ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ്
പഠനസൗകര്യത്തിനായി ടെലിവിഷൻ നൽകുന്നു.



മല്ലികശ്ശേരിയിൽ തോട്ടിൽവീണ രണ്ടുവയസ്സുകാരിയെ രക്ഷപ്പെടുത്തിയ
നാല് കുട്ടികളെ അഭിവന്ദ്യ പിതാക്കന്മാർ അരമനയിൽവച്ച് ആദരിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**JULY 2020**
**Vol. LXX No. 5**

# CONTENTS


സർക്കുലർ - 271 ........................................................ 415

സർക്കുലർ - 272 ........................................................ 421

സർക്കുലർ - ഇടയലേഖനം- സഭാദിനം .................................. 422

സർക്കുലർ - കെ.സി.ബി.സി ............................................ 431

അറിയിപ്പ് - ആണ്ടുതിരട്ട് ................................................. 436

അറിയിപ്പുകൾ ............................................................. 442

വാർത്തകൾ .............................................................. 464

ആദരാഞ്ജലികൾ ......................................................... 485

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .................................. 490

## സർക്കുലർ - 271

# വിശ്വാസികളുടെ പങ്കാളിത്തത്തോടെയുള്ള തിരുക്കർമ്മങ്ങൾ

മിശിഹായിൽ സ്നേഹം നിറഞ്ഞ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

കോവിഡ്-19 എന്ന രോഗബാധയിൽനിന്ന് ലോകത്തെ മുഴുവൻ രക്ഷിക്കുവാനായി സർവ്വശക്തനായ ദൈവത്തോട് നാം തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണല്ലോ. കോവിഡ്-19 ന്റെ വ്യാപനത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയിരുന്ന ലോക് ഡൗൺ നിബന്ധനകൾക്ക് ഇളവുകൾ നല്കി ജൂൺ 9 മുതൽ ആരാധനാലയങ്ങൾ തുറന്ന് വിശ്വാസികളുടെ പങ്കാളിത്തത്തോടെ തിരുക്കർമ്മങ്ങൾ നടത്തുവാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അനുമതി നല്കിയ വിവരം നമുക്കറിയാം. ഏറെ ആശങ്കകളും പരിമിതികളും മുമ്പിൽ ഉണ്ടായിരിക്കുമ്പോഴും നമ്മുടെ നിരന്തരമായ പ്രാർത്ഥനയുടെയും സർക്കാരുകളുടെ മുമ്പിൽ സമർപ്പിച്ച അഭ്യർത്ഥനകളുടെയും അപേക്ഷകളുടെയും ഫലമായി ലഭ്യമായിരിക്കുന്ന അനുമതി പ്രകാരം സർക്കാർ നിബന്ധനകളോടെ നമ്മുടെ ദൈവാലയങ്ങളിൽ തിരുക്കർമ്മങ്ങൾ നടത്തുവാൻ അനുവദിക്കുന്നു. ഏറെ ശ്രദ്ധയോടും വിവേകത്തോടും ജാഗ്രതയോടുംകൂടി പ്രാവർത്തികമാക്കുവാൻ ഏതാനും ചില നിർദേശങ്ങളും നിബന്ധനകളും നല്കുന്നു.

1. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആരാധനാലയങ്ങൾ തുറക്കുന്നതു സംബന്ധിച്ചു നല്കിയിട്ടുള്ള നിബന്ധനകൾ ഏവരും കൃത്യമായും കർശനമായും പാലിക്കേണ്ടതാണ്. ഇവ പാലിക്കുവാൻ സാധിക്കുന്ന ഇടവകകളിൽ മാത്രമേ വിശ്വാസികളുടെ പങ്കാളിത്തത്തോടെ തിരുക്കർമ്മങ്ങൾ ദൈവാലയത്തിൽ നടത്താവൂ. പ്രായോഗികബുദ്ധിമുട്ടുകൾ ഇക്കാര്യങ്ങളിൽ നില

വിലുണ്ടെങ്കിൽ ഏതാനും ആഴ്ചകൾക്കുശേഷം മാത്രം ദൈവാലയങ്ങൾ തുറന്നാൽ മതിയാകും.

2. വിശ്വാസികളുടെ പങ്കാളിത്തത്തോടെ തിരുക്കർമ്മങ്ങൾ നടത്തുന്നതിനുവേണ്ടി ദൈവാലയങ്ങൾ തുറക്കുവാൻ അനുമതി ഉണ്ടെങ്കിലും നമ്മുടെ രൂപതയിലെ ഭരണങ്ങാനം വി. അൽഫോൻസാ ഷ്റൈൻ ഉൾപ്പെടെയുള്ള തീർത്ഥാടനകേന്ദ്രങ്ങളിൽ പൊതു തിരുക്കർമ്മങ്ങൾ വീണ്ടും ഒരു അറിയിപ്പ് നല്കുന്നതുവരെ ഉണ്ടായിരിക്കുകയില്ല. തീർത്ഥാടന കേന്ദ്രങ്ങൾകൂടിയായ ഇടവകദൈവാലയങ്ങളിൽ ഇടവകസമൂഹത്തിനുവേണ്ടി മാത്രമുള്ള തിരുക്കർമ്മങ്ങൾ ആയിരിക്കണം ക്രമീകരിക്കേണ്ടത്. ആയതിനാൽ, ഷ്റൈനുകൾ, കുരിശുപള്ളികൾ എന്നിവിടങ്ങളിൽ പൊതുതിരുക്കർമ്മങ്ങൾ ഉടനേ ആരംഭിക്കേണ്ടതില്ല.

3. കോവിഡ്-19 പോസിറ്റീവായ വ്യക്തികൾ താമസിക്കുന്ന ഹോട്ട്സ്പോട്ട് മേഖലകളിലെ ദൈവാലയങ്ങൾ യാതൊരു കാരണവശാലും തുറക്കാൻ പാടില്ല.

4. അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും വരുന്ന ക്വാറന്റീനിലുള്ളവരും അവരുടെ ഭവനങ്ങളിൽ വസിക്കുന്നവരും അവരുമായി അടുത്ത് ഇടപഴകുന്നവരും സുരക്ഷാകാരണങ്ങളാൽ ദൈവാലയത്തിൽ വരരുത്. ക്വാറന്റീൻ കാലാവധി കഴിഞ്ഞാലും ഒരാഴ്ചകൂടി കഴിഞ്ഞുമാത്രമേ അവർ ദൈവാലയത്തിൽ പ്രവേശിക്കുവാൻ പാടുള്ളൂ.

5. സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതുപോലെ പള്ളി തുറക്കുന്നതിനുമുമ്പായി പള്ളിയും പരിസരവും അണുവിമുക്തമാക്കുവാനും ശുചിത്വം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. പ്രാദേശികതലത്തിൽ ആരോഗ്യവകുപ്പ്, തദ്ദേശസ്ഥാപനങ്ങൾ, ഫയർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവയുടെ സഹായം ഇക്കാര്യങ്ങളിൽ തേടാവുന്നതാണ്.

6. ദൈവാലയത്തിനുമുമ്പിൽ പ്രവേശനവ്യവസ്ഥകളടങ്ങിയ നോട്ടീസും കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സ്വീക

രിക്കേണ്ട ജാഗ്രതയെക്കുറിച്ചുമുള്ള ബോർഡും പരസ്യമായി സ്ഥാപിക്കണം.

7. ഇൻഫ്രാ റെഡ് തെർമോമീറ്റർ ഉപയോഗിച്ചുകൊണ്ടുള്ള പരിശോധന നിർബന്ധമാണ്. സാനിറ്റൈസർ/സോപ്പ്, വെള്ളം തുടങ്ങിയവ ദൈവാലയകവാടങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

8. വിശുദ്ധ കുർബാനയ്ക്കും മറ്റു തിരുക്കർമ്മങ്ങൾക്കും പങ്കെടുക്കാവുന്നവരുടെ എണ്ണം സംബന്ധിച്ച് സർക്കാർ നല്കിയിരിക്കുന്ന നിർദ്ദേശം കൃത്യമായി പാലിക്കണം. എത്ര വലിയ ദൈവാലയമാണെങ്കിലും പരമാവധി 100 വ്യക്തികളിൽ കൂടാൻ പാടില്ല.

9. ദൈവാലയത്തിന് അകത്തും പുറത്തും സാമൂഹിക അകലം പാലിക്കണം. ദൈവാലയത്തിനുള്ളിൽ 100 ചതുരശ്ര അടിക്കുള്ളിൽ 15 പേർ എന്നുള്ളതാണ് സർക്കാർ നിബന്ധന. വ്യക്തികൾ തമ്മിൽ 6 അടി അകലം പാലിക്കുന്ന രീതിയിൽ സ്ഥലം അടയാളപ്പെടുത്തി ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

10. സർക്കാർ നിബന്ധനയിൽ പറയുന്നതുപോലെ, 65 വയസ്സിനു മുകളിലുള്ളവരും 10 വയസ്സിനു താഴെയുള്ളവരും ഗർഭിണികളും ദൈവാലയത്തിൽ വരുന്നത് ഒഴിവാക്കേണ്ടതാണ്. പനി, ജലദോഷം, ചുമ തുടങ്ങിയ രോഗലക്ഷണങ്ങളുള്ളവരും മറ്റു ഗുരുതരമായ രോഗങ്ങളുള്ളവരും ഒരു കാരണവശാലും ദൈവാലയത്തിൽ എത്തരുത്.

11. ദൈവാലയ തിരുക്കർമ്മങ്ങൾ അതാത് ഇടവകാംഗങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഓരോ തിരുക്കർമ്മത്തിലും ആരൊക്കെ സംബന്ധിക്കണമെന്നതിനെക്കുറിച്ച് മുൻകൂട്ടി ധാരണ ഉണ്ടാക്കേണ്ടതാണ്. ഇതു നടപ്പാക്കുന്നതിനാവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ ഇടവകതലത്തിൽ നടത്തേണ്ടതാണ്. ഇടവകയ്ക്കു പുറത്തുനിന്നുള്ളവരെയും പ്രത്യേകിച്ച് ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽനിന്നുള്ളവരെയും ഒഴിവാക്കേണ്ടതാണ്.

12. ഇടവകദൈവാലയങ്ങളിൽ ഇടവകസമൂഹത്തിൽപെടാത്ത വ്യക്തികൾക്കു തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാൻ പ്രത്യേകകാരണങ്ങളാൽ അത്യാവശ്യമായി വരുന്നെങ്കിൽ പ്രസ്തുത ദൈവാലയത്തിലെ ബഹു. വികാരിയിൽനിന്ന് മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ക്രമീകരിക്കേണ്ടതുള്ളതുകൊണ്ടാണ് ഇപ്രകാരം അനുവാദം വാങ്ങേണ്ടത്.

13. ഓരോ തവണയും ദൈവാലയത്തിൽ തിരുക്കർമ്മങ്ങൾക്കു പ്രവേശിക്കുന്നവരുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ക്രമീകരിക്കുകയും ഇപ്രകാരം രേഖപ്പെടുത്തുന്നതിന് വ്യക്തിയെ/വ്യക്തികളെ ചുമതലപ്പെടുത്തുകയും വേണം.

14. ദൈവാലയത്തിൽ വരുന്നവരും തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നവരും നിർബന്ധമായും മാസ്ക് ഉപയോഗിക്കേണ്ടതാണ്.

15. വ്യക്തിശുചിത്വം പരമപ്രധാനമാണ്. ഇത് വൈദികരും ശുശ്രൂഷികളും വിശ്വാസികളും ശ്രദ്ധിക്കേണ്ട കാര്യമാണ്. ദൈവാലയത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് കൈകാലുകൾ വൃത്തിയാക്കുകയും സാനിറ്റൈസർ ഉപയോഗിക്കുകയും ചെരുപ്പുകൾ നിശ്ചിത അകലത്തിൽ ദൈവാലയത്തിനു പുറത്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസികൾ ദൈവാലയത്തിന്റെ അകത്തേക്കു പ്രവേശിക്കുന്ന വാതിലുകളിലൂടെ ഒരുകാരണവശാലും പുറത്തേക്കിറങ്ങുവാൻ പാടില്ല.

16. ദൈവാലയത്തിൽ എത്തുന്ന വിശ്വാസികളുടെ ആരോഗ്യസ്ഥിതി ശ്രദ്ധിക്കുവാനും വേണ്ട സഹായങ്ങൾ ചെയ്യുവാനും സന്നദ്ധരായ വോളണ്ടിയേഴ്സ് ഉണ്ടായിരിക്കേണ്ടതാണ്. ആർക്കെങ്കിലും കോവിഡ് രോഗലക്ഷണങ്ങളുണ്ടെന്നു മനസ്സിലായാൽ ബന്ധപ്പെട്ടവരെ എത്രയുംവേഗം അറിയിക്കണം.

17. തിരുക്കർമ്മസമയത്ത് ദൈവാലയത്തിന്റെ വാതിലുകളും ജനലുകളും തുറന്നുകിടക്കേണ്ടതാണ്. തിരുക്കർമ്മപുസ്തകങ്ങൾ ആർക്കും പൊതുവായി നല്കേണ്ടതില്ല. തിരുസ്വരൂപങ്ങൾ, തിരുവസ്തുക്കൾ എന്നിവ ചുംബിക്കുവാനോ തൊട്ടുവണങ്ങുവാനോ പാടുള്ളതല്ല. ദൈവാലയത്തോടനുബന്ധിച്ച് വിശ്വാസികൾക്കായി ഹന്നാൻ വെള്ളം സൂക്ഷിക്കേണ്ടതില്ല.

18. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു വൈദികനെ ഇപ്പോഴുള്ള പ്രത്യേക സാഹചര്യത്തിൽ (ആവശ്യമെങ്കിൽ മാത്രം) 4 കുർബാനകൾവരെ അർപ്പിക്കുവാൻ അനുവദിക്കുന്നു. എന്നാൽ, ഓരോ വിശുദ്ധ കുർബാനയ്ക്കുശേഷവും ദൈവാലയത്തിന്റെ ശുചീകരണം ഉറപ്പുവരുത്തേണ്ടതാണ്. അതിനാവശ്യമായ ഇടവേള ഓരോ വിശുദ്ധ കുർബാനയ്ക്കുശേഷവും ഉണ്ടാകേണ്ടതാണ്. ഗായകസംഘത്തിന്റെ നേതൃത്വം ആവശ്യമില്ല.

19. തിരുക്കർമ്മങ്ങൾക്കിടയിൽ നടത്താറുള്ള സ്തോത്രക്കാഴ്ച പൊതുവായ അറിയിപ്പ് ലഭിച്ചശേഷമേ നടത്താവൂ.

20. പൊതുയോഗങ്ങൾ, കുടുംബകൂട്ടായ്മകൾ, തിരുനാളുകൾ, ഊട്ടുനേർച്ചകൾ, മറ്റ് ആഘോഷപരിപാടികൾ എന്നിവയും ഒഴിവാക്കേണ്ടതാണ്.

21. ലോക് ഡൗൺ നാളുകളിൽ പ്രത്യേകം അനുവദിച്ചിരുന്ന വിശുദ്ധ കുർബാനയുടെ ഓൺലൈൻ സംപ്രേഷണം അവസാനിപ്പിക്കുവാൻ മേജർ ആർച്ച് ബിഷപ്പിന്റെ നിർദ്ദേശം സഭാതലത്തിൽ നല്കപ്പെട്ടിട്ടുണ്ട്.

പ്രിയ സഹോദരരേ, കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നമ്മൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും കൂടുതൽ തീക്ഷ്ണതയോടെ നമുക്കു തുടരാം. നമ്മുടെയും മറ്റുള്ളവരുടെയും ആരോഗ്യവും സുരക്ഷയും മുൻനിർത്തിയുള്ള കരുതൽ നടപടികളോട് നമുക്ക് ഒരു കാരണവശാലും നിസ്സംഗത ഉണ്ടാവ

രുത്. ഈ പ്രത്യേക സാഹചര്യത്തിൽ ഇപ്പോൾ നാം സ്വീകരിച്ചിരിക്കുന്ന അജപാലന ക്രമീകരണങ്ങളോട് പൂർണ്ണമായി സഹകരിച്ചും ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയും ദൈവത്തിലാശ്രയിച്ചും നമുക്ക് ദൈവാലയ തിരുക്കർമ്മങ്ങളിൽ ഭക്തിയോടും ശ്രദ്ധയോടുംകൂടി പങ്കെടുക്കാം. വി. അൽഫോൻസാമ്മയുടെയും നമ്മുടെ സഭയിലെ മറ്റു വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമ്മോടൊത്തുണ്ടാകട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 06-06-2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: 1. ഈ സർക്കുലർ എത്രയും വേഗം ഉചിതമായ സാമൂഹിക മാധ്യമങ്ങളിലൂടെയും മറ്റ് സംവിധാനങ്ങളിലൂടെയും നമ്മുടെ ജനങ്ങളെ അറിയിക്കുന്നതിനു വേണ്ടി 06-06-2020 ൽ നല്കപ്പെട്ടതാണ്.

2. ഇൻഫ്രാ റെഡ് തെർമോമീറ്ററിന്റെ ലഭ്യതയെ സംബന്ധിച്ചുള്ള കാര്യങ്ങൾക്കായി രൂപതാകേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

## സർക്കുലർ - 272

മിശിഹായിൽ സ്നേഹം നിറഞ്ഞ ബഹുമാനപ്പെട്ട അച്ചന്മാരേ,

സർക്കുലർ - 270 പ്രകാരം, നിലവിലുള്ള കൈക്കാരന്മാരെ തുടരുവാൻ അനുവദിച്ചിരുന്നല്ലോ. കോവിഡ് 19 ലോക് ഡൗൺമൂലം ഉണ്ടായിരുന്ന സർക്കാർ നിയന്ത്രണങ്ങൾക്ക് ചില ഇളവുകൾ ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് പ്രതിനിധിയോഗംകൂടി ആണ്ടുതിരട്ട് പാസ്സാക്കി, പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുത്ത് അംഗീകാരത്തിനായി ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിരിക്കുന്ന സമയത്ത് രൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. 400 ൽ താഴെ കുടുംബങ്ങളുള്ള ഇടവകകളിലും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ പൊതുയോഗത്തിനുപകരം പ്രതിനിധിയോഗംകൂടി ആണ്ടുതിരട്ട് പാസ്സാക്കി കൈക്കാരന്മാർ, ഓഡിറ്റർമാർ എന്നിവരെ തിരഞ്ഞെടുക്കുവാനും അനുവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 21-06-2020

NB: 21-6-2020 ൽ നല്കപ്പെട്ട സർക്കുലർ.

Prot. No. 0714/2020

# ഇടയലേഖനം

## സഭാദിനം ജൂലൈ 3, 2020

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാനാതിരുനാൾ ദിനമായ ജൂലൈ മുന്ന് ഒരിക്കൽക്കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോമലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാനാ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോടു ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്ത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ "എന്റെ കർത്താവേ, എന്റെ ദൈവമേ" (മാർ വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനമായി നിലകൊള്ളുന്നു. ''കർത്താവേ,'' ''ദൈവമേ,'' എന്ന രണ്ടു വിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചുമരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനു സമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം, നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിതത്തിന്റെ

മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനുശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപന മായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണമായ വിശ്വാസ സമർപ്പണവും ഉൾക്കൊണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തന നിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണബാധയുടെ ഇക്കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരി ക്കുന്നു.

**ജീവിത നവീകരണം**

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യത കളും നമുക്ക് തുറന്നുനൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടിരുന്നതും പലതലങ്ങളിൽനിന്നും ഉന്ന യിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവുചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽനിന്ന് അകലണം. ഉടനേ പുതിയ നിർമ്മാണപദ്ധതികൾ ആസൂ ത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമന മനോഭാവം നമുക്കുണ്ടാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താ തിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവു മില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ

കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കുംവേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാമക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയചിന്തയിൽനിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാസംവിധാനങ്ങളും ആവശ്യത്തിൽ കവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ, സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കുംവേണ്ടി യഥാസമയം വേണ്ടതു നൽകുവാൻതക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാണെന്നും തങ്ങളാണു സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹപ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശംകൊണ്ട് ഉത്തമ ക്രൈസ്തവസാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡുകാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹികക്ഷേമവിഭാഗങ്ങളും മറ്റു സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡുവർഷമായി ലോകചരിത്രത്തിൽ അറിയപ്പെടുമെന്നു തോന്നുന്നു. ഈ വർഷാവസാനം വരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യ വംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ രാജ്യവും ഇതേ സമീപനമാ ണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപ നങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണപ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചു വെന്നതിന്റെപേരിൽ എല്ലാവരും എപ്പോഴും ആരാധനാ കർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തി ക്കുന്ന ദൈവാലയങ്ങൾക്കു നിബന്ധനകൾ പാലിച്ചുകൊണ്ട്

അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗവ്യാപനനിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധനാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുസമൂഹം സാധാരണ ജീവിത ശൈലിയിലേക്കുവരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശിക ജീവിതം ക്രമേണ സാധാരണഗതിയിലേക്കു വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡുകാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അല്മായരും ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബ പ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചു വല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവ ത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺ ലൈനിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസവിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാ കുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താ വുന്നതാണ്.

വിശ്വാസജീവിതത്തിനു നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽനിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരേയുള്ള അക്രമങ്ങൾ, സാമൂഹിക മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്കു പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേക്കു തിരിച്ചുവന്നുകൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസസൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയവിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ, അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ടു കാണുന്നു. മനുഷ്യത്വത്തിനു നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോകജനതയുടെ സാംസ്കാരികോന്നമനത്തിന് ആവശ്യമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയവിവേചനം നമ്മുടെ വിശ്വാസത്തിനു കടകവിരുദ്ധ

മാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീ സഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയവിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീ സഹോദരന്മാരായിക്കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹിക മാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണ ക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉത്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയുംവിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമ പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷി ചെയ്യണം. ഒരിഞ്ചു കൃഷിഭൂമിപോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്രസംഘടനയുടെ മുന്നറിയിപ്പുപ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉത്പാദിപ്പിക്കുന്നവകൊണ്ടുതന്നെ നമുക്ക് ഭക്ഷിക്കാൻവേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുകളിലും ടെറസു

കളിലും കൃഷിചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷികവിളകൾ ന്യായവിലയ്ക്ക് എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതര രാജ്യങ്ങളിലും വിൽപ്പനസാധ്യതയുള്ള വിളകളിലേക്കു നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്കു നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതു നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡുകാലത്തു വന്ന സാമ്പത്തികമാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേതീരു. അതോടൊപ്പം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന കോവിഡനന്തര സാമ്പത്തികോന്ന മനപ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണ സഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്നനിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരേ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനഃസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.


ഈ ചിന്തകളെല്ലാം ക്രൈസ്തവജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും

കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ, സ്തുതി! ഈശോയേ, സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാതിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2020-ാം ആണ്ട് ജൂൺ മാസം 17-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ജൂൺ 28-ാംതീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കുന്നതിനായോ വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി ലഭ്യമാക്കേണ്ടതിനായോ നൽകപ്പെട്ടതാണ്.

Ref: 3318/K-5/KCBC/OL/DS 26.06.2020

# യുവജനദിനം 2020

## ജൂലൈ 5, ഞായർ
## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ 2020 ജൂലൈ 5-ാംതീയതി യുവജനദിനമായി ആചരിക്കുന്നു. കെസിബിസി യുവജനകമ്മീഷന്റെ പേരിലുള്ള എല്ലാവിധ പ്രാർത്ഥനാശംസകളും കേരളത്തിലെ എല്ലാ യുവജനങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നേരുന്നു.

കെസിബിസി യുവജനകമ്മീഷന്റെ ഭാഗമായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, AICUF, മിജാർക്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കൊ യൂത്ത് എന്നീ യുവജനസംഘടനകളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അവരെ നയിക്കുന്ന വൈദികർ, സന്ന്യസ്തർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അഭിവാദനങ്ങൾ.

2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന യുവജന സിനഡിന്റെ വെളിച്ചത്തിലുള്ള 'ക്രിസ്തുസ് വിവിത്' (ക്രിസ്തു ജീവിക്കുന്നു) എന്ന പ്രബോധനരേഖയിൽ ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ ദൈവത്തിന്റെ "ഇപ്പോൾ" ആകുന്നു. ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിരിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു. യുവജനം സഭയുടെ ഭാവിയല്ല മറിച്ച് അവർ സഭയുടെ വർത്തമാനകാലമാണ് എന്നാണ് പാപ്പാ അർത്ഥമാക്കുന്നത്.

സഭയ്ക്കും സമൂഹത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷികളാകാൻ യുവജനങ്ങളെ ഒരുക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. കേരളസഭ ഈവർഷം പ്രേഷിതവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന വേളയിൽ 'യുവത്വം, പ്രേഷിതത്വം, രക്തസാക്ഷിത്വം' എന്ന ആപ്തവാക്യത്തിൽ അടിസ്ഥാനപ്പെടുത്തിയാണ് യുവജനശുശ്രൂഷയുടെ കർമപരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഉപവിഷയങ്ങളായി മതേതരത്വവും ഭരണഘടനാസംരക്ഷണവും, കാരിത്താസ് സമരിറ്റൻ, കലയും സംസ്കാരവും, നവമാധ്യമസംസ്കാരം എന്നിവയും തെരഞ്ഞെടുത്തിരിക്കുന്നു.

കോവിഡ്-19 എന്ന മഹാമാരി ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവാക്കളാണ് സഭയുടെ നട്ടെല്ല് എന്ന് അവർ തെളിയിച്ചിരിക്കുന്നു. മുൻവർഷങ്ങളിലെ ഓഖി, പ്രളയം എന്നീ ദുരന്തങ്ങളുടെ മുമ്പിൽ രക്ഷകരായി മാറിയവരിൽ യുവജനങ്ങളുടെ പങ്കും അഭിമാനത്തോടെ ഓർക്കുന്നു. കൊറോണ വൈറസ് ഭീതി വിതയ്ക്കുന്ന ഈ സമയത്ത് നമ്മുടെ യുവജനങ്ങൾ ചെയ്തതും ചെയ്യുന്നതുമായ സേവനങ്ങൾ നിരവധിയാണ്.

ലക്ഷക്കണക്കിനു മാസ്കുകളുടെ നിർമ്മാണവും വിതരണവും ഭക്ഷണപ്പൊതികളുടെ വിതരണം, കമ്മ്യൂണിറ്റി കിച്ചനിലെ പങ്കാളിത്തം, മരുന്നുവിതരണം, ആംബുലൻസ് സേവനം, ഹെൽപ്ഡെസ്ക് രൂപീകരണം, രക്തദാനം, അവശ്യസാധനങ്ങളുടെ വിതരണം തുടങ്ങി തങ്ങളുടെ ജീവൻ പണയപ്പെടുത്തി യൗവനക്കാർ ചെയ്യുന്ന പ്രവർത്തനങ്ങളെ സഭ കാണുന്നു. ഹൃദയം തുറന്ന് അഭിനന്ദിക്കുന്നു. സർക്കാരിന്റെ നിർദേശങ്ങൾക്കനുസൃതമായി, സംസ്ഥാനതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും സന്നദ്ധസേനകൾ രൂപീകരിച്ചു. മനഃശാസ്ത്രകൗൺസിലിംഗ് ടീമിനെ സജ്ജമാക്കി. പ്രവാസികളുമായി നിരന്തരം ആശയവിനിമയം നടത്തി.

പള്ളികൾ അടഞ്ഞുകിടന്നപ്പോൾ ദിവ്യബലിയർപ്പണങ്ങളെ ഡിജിറ്റൽ പ്ലാറ്റുഫോമിലൂടെ ഏവർക്കും എത്തിക്കുവാൻ, ലൈവ് സ്ട്രീമുകൾ നടത്തുവാൻ, നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുവാനൊക്കെ യുവജനങ്ങൾക്കു സാധിച്ചു. അതോടൊപ്പം ലോക്ഡൗൺ കാലത്ത് വീടിനുള്ളിൽ അടയ്ക്കപ്പെട്ടവർക്കുവേണ്ടി കലാവിനോദമത്സരങ്ങൾ നടത്തി. ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കായി 'ഹരിതം' എന്ന പേരിൽ പച്ചക്കറിക്കൃഷി പദ്ധതി നടപ്പിലാക്കി. ഈ പറഞ്ഞതിലും ഏറെ ക്കാര്യങ്ങൾ അവർ ചെയ്തുകൊണ്ടിരിക്കുന്നു. സർഗാത്മകതയുടെ വസന്തകാലമാക്കി ഈ കോവിഡ് കാലത്തെ മാറ്റുവാൻ സമൂഹമാധ്യമങ്ങളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിയ പ്രേഷിതരാണ് നമ്മുടെ യുവജനങ്ങൾ. അവരെ കേരളസഭയും സമൂഹവും ഹൃദയത്തോടു ചേർത്തുവച്ച് അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു.

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷ്ണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ പ്രേഷിതരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ രക്തസാക്ഷിത്വമായി കരുതി, കരുണാപൂർവം അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്.

രാഷ്ട്രീയമണ്ഡലങ്ങളിൽ നേതൃത്വപാടവമുള്ള യുവജനങ്ങൾ മൂല്യാധിഷ്ഠിതമായി ഇടപെടേണ്ടതുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണ

സംസ്കാരത്തിനു വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാര ത്തിനു ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാ സമരം ചെയ്യണം. വിശക്കുന്നവർക്കു ഭക്ഷണം, ഭവനമില്ലാത്തവർക്കു ഭവനം, കുട്ടികൾക്കു പഠിക്കാൻ അവസരം, പ്രായമായ മാതാ പിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബ ലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അക പ്പെട്ടവർക്കായുള്ള പുനരുദ്ധാരണപ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ ശ്ലാഘനീയമാണ്. ഇത് ത്യാഗത്തോടെ തുടരു വാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പ ന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരി പ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാ വട്ടെ. “ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന” (ലൂക്കാ 2:52) യേശുവിനോട് അനുരൂപരായിത്തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തിച്ചേരാനും യുവത്വ മെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിനു സാക്ഷ്യംപകരുന്ന ധീരപ്രേഷിതരാകാനും ധീരമായി നിലപാടുകളിൽ ഉറച്ചുനിന്നു കൊണ്ട് രക്തംചിന്താനും നമ്മെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസി വൈഎം, ജീസസ് യൂത്ത്, സിഎൽസി, മിജാർക്ക്, AICUF/യൂക്ക രിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘ ടനകളിലും അല്ലാതെയുമായി ക്രിസ്തുവിനു സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി, വേണ്ടിവ

ന്നാൽ രക്തസാക്ഷികളായി മാറുവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

# ആണ്ടുതിരട്ട്

1. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സർക്കുലർ നമ്പർ 272 പ്രകാരം കോവിഡ് 19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ എല്ലാ ഇടവകകളിലും പ്രതിനിധിയോഗംകൂടി ആണ്ടുതിരട്ട് പാസ്സാക്കാവുന്നതാണ്.

2. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽവച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. അവരുടെ **ഔദ്യോഗിക പേര് (ഐഡി/ആധാർ)** ആണ് നൽകേണ്ടത്. തുടർച്ചയായി രണ്ടു പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തിരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.

3. **എല്ലാ പള്ളികൾക്കും ജോയിന്റ് അക്കൗണ്ട് (വികാർ & കൈക്കാരൻ) നിർബന്ധമാണ്. (Statutory)**.

4. തിരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. **മാസത്തിരട്ട് റിപ്പോർട്ട് അതാതു മാസങ്ങളിൽ രൂപതാകേന്ദ്രത്തിലേക്കു അയച്ചുതരേണ്ടതാണ്.** (ആണ്ടുതിരട്ടു പരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന തീയതി/സമയക്രമം ചുവടെ ചേർക്കുന്നു. ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ). ഫീസ് തുക ചെക്കായോ Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തെയും കണക്കുകൾ ആ വർഷംതന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ് ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ കോപ്പികളും രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

5. കല്പനപ്രകാരമുള്ള പിരിവുകൾ രൂപതാ ബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ

ശേഖരിക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ തന്നെ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെവന്നാൽ ഓരോന്നും അതാതു കേന്ദ്രങ്ങളിലേക്കു നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കുവാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാനും ബുദ്ധിമുട്ടുണ്ടാകും.

6. രൂപതയിൽനിന്നു ലഭിക്കുന്ന സഹായങ്ങളുടെ വരവും ചെലവും തിരട്ടിൽ ഉൾപ്പെടുത്തണം.
7. മരാമത്തുപണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരീഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തിനായി ഏല്പിക്കേണ്ടതുമാണ്.
8. ആണ്ടുതിരട്ടിനു മുമ്പായി മുന്നാണ്ടത്തെ നിത്യകുർബാനകൾ ചൊല്ലിത്തീർക്കേണ്ടതാണ്.
9. ആണ്ടുതിരട്ട് അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതു കണക്കിന്റെയും കൃഷിക്കണക്കിന്റെയും തന്നാണ്ടത്തെ **നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, FD രസീതുകൾ, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോധനാ റിപ്പോർട്ടിന്റെ കോപ്പികൾ** എന്നിവ കൊണ്ടുവരേണ്ടതാണ്.
10. ആണ്ടുതിരട്ടു സംബന്ധിച്ച് രൂപതാനിയമാവലിയിൽ നല്കിയിട്ടുള്ള ഇതരനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
11. ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തുതന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.
12 ആണ്ടുതിരട്ടുമായി വരുമ്പോൾ നടത്തുകൈക്കാരനും അക്കൗണ്ടന്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽപേർ വരുന്നതു പ്രോത്സാഹിപ്പിക്കുന്നില്ല.

## ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ് തിട്ടപ്പെടുത്തുന്ന ക്രമം ഇപ്രകാരമാണ്.

വിവിധയിനത്തിലുള്ള നേർച്ച വരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിനു നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവസംസ്കാരവരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കിയുള്ള വരുമാനം, പലവക വരുമാനം, കാർഷികവരുമാനങ്ങൾ (തേങ്ങ, റബർ, ജാതിക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരുമാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ എന്നിവയുടെ വിറ്റു വരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടിക്കിട്ടുന്ന തുക യിൽനിന്ന് നിത്യകുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാന മായി കണക്കാക്കുക. ഈ തുകയുടെ 7% സിംഹാസനഫീസ് (Cathedraticum) ആയി കണക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും, ഇതരവരുമാനമെന്നും (കാർഷികം, വാടക എന്നിവ) കണക്കാക്കി നേർച്ചവരുമാനത്തിൽനിന്നും 20000 രൂപ കുറച്ച് (ഇരുപതിനായിരം രൂപായെങ്കിലും നേർച്ചവരുമാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കിവരുന്ന തുകയുടെ 10% വും ഇത രവരുമാനത്തിൽനിന്ന് 40000 രൂപ കുറച്ചു ബാക്കി തുകയുടെ 3% ചേർന്നുവരുന്ന തുക Needy Church Fund (NCF) ആയി കണ ക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം ADCP ഫണ്ടിലേക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാരത്തിന്റെ 43% പസ്സാരവിഹിതമെന്ന പേരിൽ വൈദികമന്ദിര ങ്ങളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാവശ്യങ്ങൾക്കായും ADCP Fund Trust ലേക്കു പൂർണ്ണമായും നൽകുന്നു. വിളിച്ചു ചൊല്ലു കുറവുചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേ കളക്ഷൻ വേദപ്രചാര

ഫണ്ടിലേക്കും സ്വീകരിക്കുന്നു. ഇതിനുപുറമേ രൂപത ഡിറക്ടറി, സിനഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടുഫോറം ഇവയുടെ തുകയും ചേർന്നാണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്.

| DATE | PARISH AND TIMING | | | |
|---|---|---|---|---|
| 16-07-2020 Thursday | Palai Cathedral (9am-9:30am)<br>Mutholy (11:10am-11:30am) | Kudakachira (9:30am-10am)<br>Palakadu (11:30-12 Noon) | Lalam Old (10am-10:30am)<br>Thodanal (12 Noon-12:30pm) | Moonnani (10:30am-11am)<br>Urilikunam (12:30pm-1:00pm) |
| 17-07-2020 Friday | Aruvithura (9am-9:30am)<br>Moonilavu (11:10am-11:30am) | Chennadu (9:30am-10am)<br>Maniamkulam (11:30-12 Noon) | Edamaruku (10am-10:30am)<br>Nellapara (12 Noon-12:30pm) | Kalathookadavu (10:30am-11am)<br>Valavoor (12:30pm-1:00pm) |
| 18-07-2020 Saturday | Bharananganam (9am-9:30am)<br>Idamattom (11:10am-11:30am) | Amparanirappel (9:30am-10am)<br>Plassanal (11:30-12 Noon) | Choondacherry (10am-10:30am) | Edapady (10:30am-11am) |
| 20-07-2020 Monday | Cherpunakal (9am-9:30am)<br>Manalumkal (11:10am-11:30am) | Alphonsagiri (9:30am-10am)<br>Manjamattom (11:30-12 Noon) | Kanjiramattom (10am-10:30am)<br>Paduva (12 Noon-12:30pm) | Karimpani (10:30am-11am)<br>Palayam (12:30pm-1:00pm) |
| 21-07-2020 Tuesday | Elanji (9am-9:30am)<br>Mutholapuram (11:10am-11:30am) | Josegiri (9:30am-10am)<br>Santhipuram (11:30-12 Noon) | Kakkoor (10am-10:30am)<br>Thirumarady (12 Noon-12:30pm) | Mulakulam (10:30am-11am)<br>Xavierpuram (12:30pm-1:00pm) |
| 23-07-2020 Thursday | Kadanadu (9am-9:30am)<br>Urumbukavu (11:10am-11:30am) | Anthinadau (9:30am-10am)<br>Aimcomb (11:30-12 Noon) | Kavumkandam (10am-10:30am)<br>Kurumannu (12 Noon-12:30pm) | Manathoor (10:30am-11am)<br>Geovalley (12:30pm-1:00pm) |
| 24-07-2020 Friday | Kaduthuruthy (9am-9:30am)<br>Poozhikol (11:10am-11:30am) | Arunoottimangalam (9:30am-10am)<br>Thuruthipally (11:30-12 Noon) | Keezhoor (10am-10:30am) | Mannar (10:30am-11am) |

| | | | | |
|---|---|---|---|---|
| 25-07-2020 Saturday | Koottickal (9am-10am) Parathanam (11:10am-11:30am) | Cholathadam (9:30am-10am) Velanilam (11:30-12 Noon) | Kavaly (10am-10:30am) Yendayar (12 Noon-12:30pm) | Malayinchipara (10:30am-11am) |
| 27-07-2020 Monday | Kothanalloor (9am-9:30am) Nambiakulam (11:10am-11:30am) | Kalathoor (9:30am-10am) Perumthuruth (11:30-12 Noon) | Mannarappara (10am-10:30am) Sleevapuram (12 Noon-12:30pm) | Manvettam (10:30am-11am) Vedagiri (12:30pm-1:00pm) |
| 28-07-2020 Tuesday | Kuravilangad (9am-9:30am) Monipally (11:10am-11:30am) | Kattampak (9:30am-10am) Udayagiri (11:30-12 Noon) | Kurichithanam (10am-10:30am) Vayala (12 Noon-12:30pm) | Mannackanad (10:30am-11am) |
| 30-07-2020 Thursday | Moolamattom (9am-9:30am) Elapally (11:10am-11:30am) | Arakulam New (9:30am-10am) Kudayathoor (11:30-12 Noon) | Arakulam Old (10am-10:30am) Kulamavu (12 Noon-12:30pm) | Edadu (10:30am-11am) Lourdes Mount (12:30pm-1:00pm) |
| 03-08-2020 Monday | Muttuchira (9am-9:30am) Malapuram (11:10am-11:30am) | Fathimapuram (9:30am-10am) Valachira (11:30-12 Noon) | Jaigiri (10am-10:30am) Alphonsapuram (12 Noon-12:30pm) | Kanjirathanam (10:30am-11am) Vimalagiri(Chakkikavu) (12:30pm-1:00pm) |
| 04-08-2020 Tuesday | Poonjar (9am-9:30am) Maniankunnu (11:10am-11:30am | Adivaram (9:30am-10am) Payyanithottam (11:30-12 Noon) | Kaipally (10am-10:30am) Peringulam (12 Noon-12:30pm) | Kunnonny (10:30am-11am) Thakady (12:30pm-1:00pm) |
| 06-08-2020 Thursday | Pravithanam (9am-9:30am) Kayyoor (11:10am-11:30am) | Elamthottam (9:30am-10am) Narianganam (11:30-12 Noon) | Kaveekunnu (10am-10:30am) Ullanad (12 Noon-12:30pm) | Mundankal (10:30am-11am) Vezhanganam (12:30pm-1:00pm) |
| 07-08-2020 Friday | Ramapuram (9am-9:30am) Ezhacherry (11:10am-11:30am) | Anthialam (9:30am-10am) Karoor (11:30-12 Noon) | Chakkampuzha (10am-10:30am) Kondad (12 Noon-12:30pm) | Chittar (10:30am-11am) Kurinji (12:30pm-1:00pm) |
| 10-08-2020 Monday | Teekoy (9am-9:30am) Mavady (11:10am-11:30am) | Ayyampara (9:30am-10am) Santhigiri (11:30-12 Noon) | Adukkam (10am-10:30am) Vagamon (12 Noon-12:30pm) | Mangalagiri (10:30am-11am) Vellikulam (12:30pm-1:00pm) |

| | | | | |
|---|---|---|---|---|
| 11-08-2020 Tuesday | Thudanganad (9am-9:30am)<br><br>Maryland (11:10am-11:30am) | Gagultha (9:30am-10am)<br><br>Melukavumattom (11:30-12 Noon) | Jose Mount (Illiary) (10am-10:30am)<br><br>Neeloor (12 Noon-12:30pm) | kakombu (10:30am-11am)<br><br>Sibigiri (12:30pm-1:00pm) |
| 13-08-2020 Thursday | Arunapuram (9am-9:30am)<br><br>Mevida (11:10am-11:30) | Kizhathadiyor (9:30am-10:00am)<br><br>Nelliyani (11:30-12:00pm) | Lalam New (10:00am-10:30 am)<br><br>Paingalam (12:00pm-12:30pm) | Meenachil (10:30am-11:00am)<br><br>Poovarany (12:30pm-1:00pm) |
| 14-08-2020 Friday | Varianikad (9am-9:30am)<br><br>Thidanad (11:10am-11:30) | Chemmalamattom (9:30am-10:00am)<br><br>Vakakkad (11:30-12:00pm) | Chettuthodu (10:00am-10:30 am)<br><br>Velliamattom (12:00pm-12:30pm) | Piusmount (10:30am-11:00am)<br><br>Neeramthanam (12:30pm-1:00pm) |
| 17-08-2020 Monday | Chempilavu (9am-9:30am)<br><br>Mangalaram (11:10am-11:30) | Kadaplamattom (9:30am-10:00am)<br><br>Mattakkara (11:30-12:00pm) | Kozhuvanal (10:00am-10:30 am)<br><br>Moozhoor (12:00pm-12:30pm) | Kuruvinal (10:30am-11:00am)<br><br>Poovakulam (12:30pm-1:00pm) |
| 18-08-2020 Tuesday | Koothattukulam (9am-9:30am)<br><br>Vadakara (11:10am-11:30) | Marangoly (9:30am-10:00am)<br><br>Pala Town Chapel (11:30-12:00pm) | Periappuram (10:00am-10:30 am) | Piravom (10:30am-11:00am) |
| 20-08-2020 Thursday | Kalikavu (9am9:30am)<br><br>Ratnagiri (11:10am-11:30) | Koodalloor (9:30am-10:00am)<br><br>Vakkad (11:30-12:00pm) | Marangattupally (10:00am-10:30 am)<br><br>Kochukottaram (12:00pm-12:30pm) | Palakattumala (10:30am-11:00am) |
| 21-08-2020 Friday | Kizhaparayar (9am-9:30am)<br><br>Vilakumadom (11:10am-11:30) | Mallikasserry (9:30am-10:00am)<br><br>Alphonsa Shrine (11:30-12:00pm) | Paika (10:00am-10:30am) | Poovathodu<br><br>(10:30am-11:00am) |

മെത്രാസനമന്ദിരം, പാലാ
21-06-2020

**മാർ ജേക്കബ് മുരിക്കൻ**
പാലാ രൂപത സഹായമെത്രാൻ

NB: ജൂലൈ 16-നുമുമ്പ് ആണ്ടുതിരട്ട് പാസ്സാക്കിയവർക്ക് മുൻകൂട്ടി സമയം നിശ്ചയിച്ച് കണക്കുകൾ സമർപ്പിക്കാവുന്നതാണ്.

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com

PROT. NO. 0632/2020

# NORMS AND PROCEDURES OF THE EPARCHIAL / ARCHEPARCHIAL SAFE ENVIRONMENT COMMITTEE IN THE SYRO-MALABAR CHURCH

## PART I

## PRELIMINARY NORMS

### Section I - Title and Objectives

1. Title: These norms are called "Norms and Procedures of the Eparchial / Archeparchial Safe Environment Committee in the Syro-Malabar Church". These norms apply to all Church personnel, parishes and institutions, as the case may be, according to the definitions given in various documents quoted herein, within the eparchy/archeparchy.

2. The objectives of the Eparchial/Archeparchial Safe Environment Committee are the following:

2.1 To implement the policy given by the ecclesiastical as well as civil authorities against harassment and abuse committed against women, children or vulnerable adults by any category of Church personnel.

2.2 To remain as a permanent mechanism for the prevention and redressal of harassment cases and other acts of gender based violence and its cover ups in any form.

2.3 To ensure the implementation of the Safe Environment Policy through proper handling of the complaints and their follow-up procedures.

2.4 To uphold the commitment of the eparchy to provide a safe environment free of gender based discrimination where everyone can feel comfortable.

2.5 To promote a social, psychological as well as a spiritual environment to raise awareness on harassment in its various forms.

### Section II – Definitions

3. In these norms unless the context otherwise requires:

3.1 *Safe Environment* means an environment where a person is free from sexual and all sorts of harassment and feels comfortable.

3.2 *Minor* means any person under the age of eighteen or who is considered by law to be the equivalent of a minor.

3.3 *Vulnerable Adult* means any person in a state of infirmity, physical or mental deficiency or deprivation of personal liberty which, in fact, even occasionally, limits their ability to understand or to want or otherwise to resist the offence.

3.4 *Child pornography* means any representation of a minor, regardless of the means used, involved in explicit sexual activities, whether real or simulated, and any representation of sexual organs of minors for primarily sexual purposes or the indecent or obscene representation of a child.

3.5 *Church Personnel* means clerics (bishops, priests, deacons), members of the institutes of consecrated life and societies of apostolic life, candidates to priesthood and religious life as well as other similar states of life, lay faithful who are employees or volunteers (*kaikkars*, sacristans, accountants, catechism teachers, parish council members, office bearers of pious associations, similar office bearers, etc.) in the Church.

3.6 *Sexual Harassment* means and includes any unwelcome sexual advances, requests for sexual favours and other verbal expression or physical conduct of sexual nature which makes a person feel offended, humiliated or intimidated. It includes any one or more of the following unwelcome acts or behaviour, whether directly or by implication.

3.6.1 Physical contact and advances
3.6.2 Demand or request for sexual favours
3.6.3 Making sexually coloured remarks or jokes or conversation
3.6.4 Showing pornography
3.6.5 Any other unwelcome physical conduct or verbal or non-verbal expressions of sexual nature
3.6.6 Any act falling under the purview of the following cases will be considered as an incident of sexual harassment:

3.6.6.1 When submission to unwelcome sexual advances, requests for sexual favours, and verbal expression or physical conduct of a sexual nature are, implicitly or explicitly, made a term or condition for teaching, guidance, employment, participation or evaluation of a person's engagement in any activity.

3.6.6.2 When unwelcome sexual advances, and verbal or non-verbal expressions and/or physical conduct such as loaded comments, remarks or jokes, letters, phone calls or e-mails, message through any social media platform, gestures, exhibition of pornography, lurid stares, physical contact, stalking, sounds or display of a derogatory nature is verified.

3.6.6.3 When a person uses the body or any part of it or any object as an extension of the body with a sexual purpose in relation to another person without the latter's consent or against that person's will.

3.6.6.4 When deprecatory comments, conduct or any such behaviour is based on the gender identity/sexual orientation of the person and/or when the premises or any public forum of the institute is used to denigrate/discriminate against person(s), or when a hostile environment is created on the basis of a person's gender identity/sexual orientation.

3.6.6.5 Teaching activities or explanation of various issues related to fertility, reproductive health and other research topics in a scientific manner as a part of training programmes approved and endorsed by legitimate authorities will not be considered as harassment.

3.6.7 Relevant questions asked or explanations sought by the legitimate authorities (counsellors, judges etc.) regarding sexual problems, sexual orientation or the concept of sexuality of the contesting spouses in a marriage case in the ecclesiastical tribunals will not be considered as harassment.

3.7 *Cover up* means actions or omissions intended to interfere with or avoid civil investigations or canonical investigations, whether administrative or penal, against a Church personnel, by his/her legitimate superior.

3.8 *Safe Environment Director* is the one who is responsible for implementing the Safe Environment Programme in an eparchy/archeparchy of the Syro-Malabar Church and ensuring adherence to its requirements. The Director is appointed by the eparchial/archeparchial bishop or the one who holds his responsibility.

3.9 *Safe Environment Committee* means the Committee appointed by the eparchial/archeparchial bishop to assist the Safe Environment Director for implementing safe environment policy.

3.10 *Complainant* means a victim, or if the victim is unable to make a complaint due to mental or physical incapacity or death, his/her parents/legal guardian/heir or such other person as may be prescribed by law.

3.11 *Respondent* means the Church personnel against whom a complaint has been made.

3.12 Wherever *she/he* is used in these procedures to indicate a person or persons, it includes also the persons not belonging to either of these genders.

3.13 *Day* means a calendar day according to the Christian era excluding holidays, both religious and civil, whether full or partial.

**Section III - Jurisdiction**

4. These norms and procedures would apply to:

4.1 Clerics (bishops, priests and deacons) belonging to and residing in an eparchy/archeparchy of the Syro-Malabar Church.

4.2 Members of the Institutes of Consecrated Life and Societies of Apostolic Life when they hold an office in an eparchy/archeparchy of the Syro-Malabar Church and when they reside in the parishes or the Church related institutions in the geographical boundary of the eparchy/archeparchy of the Syro-Malabar Church, without prejudice to the competence of the Safe Environment Committees of the Institutes of Consecrated Life and Societies of Apostolic Life of Pontifical and Major Archiepiscopal Right.

4.3 Candidates to priesthood and religious life as well as other similar entities.

4.4 Lay employees, volunteers like *kaikkars*, accountants, sacristians, catechism teachers, parish council members, office bearers of pious associations, organizations, movements etc. whenever they act in the capacity of Church personnel.

4.5 Service providers and outsiders find themselves within the jurisdictional area of an eparchy/archeparchy of the Syro-Malabar Church at the time of the commission of the act coming under the purview of these norms.

5. The Safe Environment Director has the duty to ensure that the internal complaint Committee/redressal Committee is formed and maintained in every Catholic institution in an eparchy/archeparchy.

## PART II

## CONSTITUTION AND FUNCTION OF THE SAFE ENVIRONMENT COMMITTEE

### Section I - Constitution of the Safe Environment Committee

ഈ വർഷത്തെ കർമ്മരേഖ പ്രസിദ്ധീകരണത്തിനു പൂർത്തിയായി വരുന്നു. എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കപ്പെടാൻ ഫൊറോനാ സമിതിയും ശ്രദ്ധിക്കണം. യൂണിറ്റ്-ഫൊറോനാ-രൂപതാതല പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി രൂപത പ്രസിദ്ധീകരിക്കുന്ന കർമ്മരേഖകളിൽ കൊടുത്തുവന്നിരുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. കർമ്മരേഖയിൽ പരസ്യങ്ങൾ ഉൾപ്പെടുത്താൻ പ്രത്യേക മാർക്കോടുകൂടി ഇനിയും അവസരമുണ്ട്. വിവരങ്ങൾക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെടുക. ഡയറക്ടർ, ആനിമേറ്റർ സിസ്റ്റർ, ലേ ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവരുടെ കോൺടാക്ട് നമ്പർ സഹിതം രൂപതാ ഓഫീസിൽ ഏല്പിക്കാത്തവർ ഏല്പിക്കുക.

**11. യൂണിറ്റ്, ഫൊറോന സന്ദർശനങ്ങൾ**

വിവിധ യുവജന-സാമുദായിക-സാമൂഹികവിഷയങ്ങളും പരിഹാരങ്ങളും എന്ന ലക്ഷ്യം മുൻനിർത്തി രൂപതാ ഡയറക്ടർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവർ വിവിധ ഘടകങ്ങൾ വർഷത്തിലൊരിക്കലെങ്കിലും

സന്ദർശിക്കാനും സംവദിക്കാനും ആഗ്രഹിക്കുന്നു. വിവിധ ക്ലാസുകൾ നയിക്കുന്നതിന് റിസോഴ്സ് പേഴ്സൺസ് ലഭ്യമാണ്.

### നടക്കാനിരിക്കുന്നവ

**എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതാ ടാസ്ക് ഫോഴ്സ് രൂപീകരണം**

കോവിഡ് 19 സമൂഹവ്യാപനം, വെള്ളപ്പൊക്കംപോലുള്ള പ്രകൃതിദുരന്തങ്ങൾ എന്നിവ ഉണ്ടായാൽ സന്നദ്ധപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സേനയെ രൂപീകരിക്കുന്നതിനാണിത്. കെ.സി.ബി.സി. ഹെൽത്ത് കമ്മീഷനും അമല ഹോസ്പിറ്റലും സംയുക്തമായി ചേർന്ന് ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നു. 50 വീടുകൾക്ക് ഒരാൾവീതം പേര് രജിസ്റ്റർ ചെയ്യാനായി രൂപതാ എക്സിക്യൂട്ടീവിന്റെ പക്കൽ എത്രയുംവേഗം ലിസ്റ്റ് നല്കുമല്ലോ.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

## ജീസസ് യൂത്ത്

**1. പന്തക്കുസ്താ ആചരണം**

9 ദിവസത്തെ ഒരുക്കപ്രാർത്ഥനകൾക്കും ബലിയർപ്പണത്തിനുംശേഷം മെയ് 31-ന് ജീസസ് യൂത്ത് അംഗങ്ങൾ വിവിധ ഗ്രൂപ്പുകളിലായി zoom conference വഴി ഒന്നിച്ചുകൂടുകയും പുനർസമർപ്പണദിനമായി ആചരിക്കുകയുംചെയ്തു. അന്നേദിവസം 360 പേർ പുനർസമർപ്പണം നടത്തി.

**2. ഭവനനിർമ്മാണം**

'നല്ല അയല്ക്കാരൻ' പ്രോജക്ടിന്റെ ഭാഗമായി ജീസസ് യൂത്ത് കൊണ്ടാട് ഇടവകയിൽ ഏറ്റെടുത്ത 9 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി. മെയ് 30-ന് മാണി സി. കാപ്പൻ MLA താക്കോൽദാനം നിർവ്വഹിച്ചു. ഭവനങ്ങളുടെ വെഞ്ചരിപ്പ് അധികം താമസിയാതെ അഭിവന്ദ്യ പിതാവ് നടത്തുന്നതാണ്.

**3. ജീസസ് യൂത്ത് സെമിനാർ**

ജീസസ് യൂത്തിന്റെ ക്രിസ്തീയ ജീവിതശൈലിയെക്കുറിച്ച് ഇന്റർനാഷണൽ കോർഡിനേറ്ററായിരുന്ന ജോർജ്ജ് ദേവസി വെബ്സെമിനാർ നയിച്ചു. 90 -ലധികംപേർ ഓൺലൈൻവഴി സംബന്ധിച്ചു.

**4. രാമപുരം കോളേജ് സെമിനാർ**

രാമപുരം മാർ ആഗസ്തീനോസ് കോളേജിന്റെ നേതൃത്വത്തിൽ ജൂൺ 7-ന് ഓൺലൈൻ കൂട്ടായ്മ നടത്തി. ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. കുര്യൻ മറ്റം പങ്കുവയ്ക്കൽ നടത്തി.

**5. പ്രാർത്ഥനാസമ്മേളനം**

സൂം ആപ്ളിക്കേഷൻവഴി ജൂൺ 9-ന് ജീസസ് യൂത്ത് പ്രാർത്ഥനാസമ്മേളനം നടത്തി.

**6. കലാസമ്മേളനം**

അഭിനയത്തിലും നൃത്തത്തിലും താത്പര്യമുള്ളവരുടെ ഓൺലൈൻ കൂട്ടായ്മ ജൂൺ 11 ന് നടന്നു. ധാരാളം പേർ സംബന്ധിച്ചു.

**7. മ്യൂസിക് മിനിസ്ട്രി**

ജീസസ് യൂത്ത് മിനിസ്ട്രിയുടെ ഭാഗമായി "സുഗന്ധവാഹിനി അമ്മേ നിൻ" എന്ന ഗാനത്തിന്റെ കവർ സോങ് പുറത്തിറക്കി. ജിയോ മൈക്കിൾ, ടോം എന്നിവർ നേതൃത്വംനല്കി.

**8. അഗാപ്പെ കൂട്ടായ്മ**

രാമപുരം മാർ ആഗസ്തീനോസ് കോളേജിന്റെ ആഭിമുഖ്യത്തിൽ ജൂൺ 14–ന് 'അഗാപ്പെ' എന്നപേരിൽ സമ്മേളനം നടത്തി. ഫാ. ജോസഫ് അരിമറ്റത്തിൽ മുഖ്യസന്ദേശം നല്കി.

**9. ഹൗസ് ഹോൾഡ് സമ്മേളനം**

ജൂൺ 20–ന് ഹൗസ് ഹോൾഡ് സമ്മേളനം നടത്തി. അനേകം ജീസസ് യൂത്ത് പ്രവർത്തകർ പങ്കെടുത്തു. ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി എന്നിവർ നേതൃത്വം നല്കി.

**10. കൗൺസിൽ സമ്മേളനം**

ജീസസ് യൂത്തിന്റെ രൂപതാ കൗൺസിൽ സമ്മേളനം ജൂൺ 21–ന് ഓൺലൈനായി ചേർന്നു. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, ജോസ് മാത്യു, ജോൺ വിവേക് റോയി, ബിലാസ് എന്നിവർ നയിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

4-6-2020-ൽ കുടുംബകൂട്ടായ്മ രൂപതാ ഭാരവാഹികളുടെ യോഗം വീഡിയോ കോൺഫ്രൻസ് വഴി നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കോവിഡ്-19-ന്റെ ദുരിതത്തിലൂടെ ലോകം കടന്നുപോകുന്ന ഈ അവസരത്തിൽ നാം ദൈവത്തോട് കൂടുതൽ ചേർന്നിരിക്കുവാനും കൂടുതൽ പ്രാർത്ഥിക്കുവാനും ഡയറക്ടർ അച്ചൻ ഉദ്ബോധിപ്പിച്ചു. കുടുംബകൂട്ടായ്മ ഫൊറോനാ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരുക്കുന്ന അഖണ്ഡപ്രാർത്ഥന (ദിവസം 8 am.- 6 pm.) എല്ലാവരും അവരവരുടെ ഭവനങ്ങളിലിരുന്ന് പങ്കെടുക്കുന്നതിൽ ബഹു. അച്ചൻ സന്തോഷമറിയിച്ചു.

വീഡിയോ കോൺഫ്രൻസിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ചചെയ്തു.

1. എല്ലാ ഇടവകകളിലും ഇടവകതലത്തിലും കൂട്ടായ്മ യൂണിറ്റ് തലത്തിലും വാട്സാപ് ഗ്രൂപ്പ് ഉണ്ടാക്കുക. ഇതു സംബന്ധിച്ച് ഡേറ്റാ ശേഖരിച്ചതിൽ രൂപതയിൽ 94 ഇടവകകളിൽ പൂർണ്ണമായോ ഭാഗികമായോ വാട്സാപ് ഗ്രൂപ്പുകൾ നിലവിൽ ഉണ്ടെന്നു കണ്ടെത്തി.

2. പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ബ്ലഡ് ബാങ്കിൽ ബ്ലഡ് ഡൊണേഷൻ കുറഞ്ഞുവരുന്നതിനാൽ ഇടവകകളുടെയും കുടുംബകൂട്ടായ്മകളുടെയും നേതൃത്വത്തിൽ ബ്ലഡ് ഡൊണേഷൻ ഫോറം ഉണ്ടാക്കുന്ന കാര്യം ആലോചിച്ചു.

3. ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനു തരിശായിക്കിടക്കുന്ന സ്ഥലങ്ങളിൽ കൂട്ടായ്മയുടെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതിനെപ്പറ്റി ആലോചിച്ചു കൃഷിപ്പണികൾക്ക് പൂർവ്വികർ ചെയ്തിരുന്നതുപോലെ മാറ്റാൾ പണി നടത്തുവാൻ കൂട്ടായ്മകൾ നേതൃത്വം നൽകണമെന്നു നിർദ്ദേശിച്ചു.

4. PSWS ന്റെ നേതൃത്വത്തിൽ നടത്തുന്ന പച്ചക്കറി ഫലവൃക്ഷത്തൈ വിതരണത്തിൽ ഇടവക കൂട്ടായ്മകൾ നന്നായി സഹകരിക്കണമെന്ന് നിർദ്ദേശിച്ചു.

5. ജനപങ്കാളിത്തത്തോടെ ദിവ്യബലി അർപ്പിക്കുവാൻ അനുവാദം ലഭിക്കുമ്പോൾ വികാരിയച്ചന്റെ നിർദ്ദേശമനുസരിച്ച് കൂട്ടായ്മ യൂണിറ്റ് അടിസ്ഥാനത്തിൽ ദിവ്യബലിയിൽ പങ്കെടുക്കുവാനുള്ള ക്രമീകരണം നടത്തണമെന്ന് അഭിപ്രായം ഉണ്ടായി.

6. കോവിഡ്-19 മൂലം തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം ദിവസേന കൂടിവരികയാണ്. അന്യസംസ്ഥാന തൊഴിലാളികൾ തിരിച്ചുപോയതോടെ കൃഷിപ്പണി ചെയ്യാൻ ആളെ കിട്ടാത്ത സ്ഥിതിയാണ്. 'കൂലിപ്പണി' എന്ന വിളിപ്പേരുമാറ്റി ഇടവക കൂട്ടായ്മയുടെ നേതൃത്വത്തിൽ ഒരു work force രൂപീകരിക്കാവുന്നതാണ്. (ഉചിതമായ പേര് ആലോചിച്ചു നൽകാവുന്നതാണ്.) പണികൾ ചെയ്യാൻ തയ്യാറാവുന്ന ആളുകളുടെ പേര് രജിസ്റ്റർ ചെയ്ത് മണിക്കൂറിനു വേതനം നിശ്ചയിച്ച് കൃഷിപ്പണിയിലേക്കു കൂടുതൽ ആളുകളെ കൊണ്ടുവരാൻ പറ്റുമെന്ന് യോഗം വിലയിരുത്തി. ഇടവകയിലോ സമീപസ്ഥലങ്ങളിലോ പണികൾ work force ന് കരാർ അടിസ്ഥാനത്തിലോ മണിക്കൂർ വേതന അടിസ്ഥാനത്തിലോ നടത്താവുന്നതാണ്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

### A. വിവാഹ ഒരുക്ക കോഴ്സ്

വിവാഹ ഒരുക്ക കോഴ്സുകൾ ഓൺലൈൻ ആയി ആരംഭിച്ചു. ജൂൺ മാസത്തിൽ 160 വിവാഹാർത്ഥികൾ ഓൺലൈൻ കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടി. ഓൺലൈൻ കോഴ്സിനെപ്പറ്റി വിശദമായി അറിയാൻ 04822 210049, 8547150049 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**യാത്രയയപ്പ് മംഗളങ്ങൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിൽ ആറു മാസക്കാലം റീജന്റായി സേവനം ചെയ്ത ബ്രദർ സെബാസ്റ്റ്യൻ (ജിസ്) ചെരിപ്പുറത്തിന് ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങൾ സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു.

**ബ്രദർ സെബാസ്റ്റ്യൻ (ജിൻസ്) പെട്ടപ്പുഴയ്ക്കു സ്വാഗതം**

പാലാ ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസിക്കായി നിയമിതനായിരിക്കുന്ന ബ്രദർ സെബാസ്റ്റ്യൻ (ജിൻസ്) പെട്ടപ്പുഴയെ സ്വാഗതം ചെയ്തു.

**B. മാതൃ-പിതൃവേദി**

മാതൃ-പിതൃവേദികളിലെ അംഗങ്ങളുടെ വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് വേണ്ട നിർദ്ദേശങ്ങളും സന്ദേശങ്ങളും നല്കിവരുന്നു.

**C. ഹോംമിഷൻ**

**1. സ്ഥലമാറ്റം**

ഹോംമിഷനിൽ 7 വർഷത്തോളം ട്രഷററായി സുത്യർഹമായ ശുശ്രൂഷ ചെയ്തിരുന്ന സി. സാലി എസ്.എം.സിക്ക് സ്ഥലംമാറ്റം ലഭിച്ചതിനാൽ സിസ്റ്ററിന്റെ ശുശ്രൂഷയ്ക്ക് നന്ദി അർപ്പിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്കു മംഗളങ്ങൾ നേരുകയും ചെയ്തു.

**D. സീറോ മലബാർ പാലാ മാട്രിമണി**

**1. ഇനിമുതൽ ദീപികദിനപത്രത്തിൽ**

സീറോ മലബാർ പാലാമാട്രിമണിയുടെ സേവനങ്ങൾ കൂടുതൽ വിപുലപ്പെടുത്തിയിരിക്കുന്നു. ഇതുവരെ സീറോമലബാറിന്റെ കീഴിലുള്ള 18 രൂപതകളിലെ അംഗങ്ങളെ രജിസ്ട്രേഷൻ നടത്തുന്ന വ്യക്തികൾക്ക് ലഭിച്ചിരുന്നു. എന്നാൽ ഇനിമുതൽ പാലാ മാട്രിമണിയിൽ രജിസ്ട്രേഷൻ നടത്തുന്നവർക്ക് (Paid Registration) ഇതുവരെ ലഭിച്ചിരുന്ന സേവനങ്ങൾക്കൊപ്പം ഞായറാഴ്ചത്തെ ദീപിക ദിനപത്രത്തിന്റെ മാട്രിമണിയൽ പേജിൽ ഫ്രീ ആയി വിവരങ്ങൾ നല്കപ്പെടുന്നതാണ്.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ മെയ് മാസത്തെ മാഗസിൻ വിതരണം ചെയ്തു.

**E. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസങ്ങളിൽ **ഇടമറുക്, കുറുമണ്ണ്, മീനച്ചിൽ, ഇടമറ്റം, ചിറ്റാർ, കടനാട്, ഫാത്തിമപുരം,അരുണാപുരം, അയർക്കുന്നം** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **45,000** രൂപാ നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

---

# എ.കെ.സി.സി.

---

**നില്പുസമരം - കർഷക അവഗണനക്കെതിരേ**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാർഷികവിരുദ്ധ നയങ്ങൾക്കെതിരേ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകൾക്കുമുമ്പിൽ പ്രതിഷേധ നില്പുസമരം നടത്തി. കേരളത്തിലുടനീളം നടത്തപ്പെട്ട സമരത്തിൽ പാലാ രൂപതയിലെ നൂറോളം കേന്ദ്രങ്ങ

ളിൽ പ്രതിഷേധസമരം നടന്നു. കാർഷികോത്പന്നങ്ങൾക്കു ന്യായവില പ്രഖ്യാപിക്കുക, റബറിന് 200 രൂപ തറവില നിശ്ചയിക്കുക, കർഷകപെൻഷൻ നടപ്പിലാക്കുക, വന്യമൃഗ ആക്രമണങ്ങളിൽനിന്ന് കർഷകരെ രക്ഷിക്കാൻ നടപടി സ്വീകരിക്കുക, കർഷകർക്ക് പലിശരഹിത വായ്പ നൽകുക, കർഷകപാക്കേജുകളിലെ കുടിശ്ശിക ഉടൻ വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം സംഘടിപ്പിക്കപ്പെത്.

നില്പുസമരത്തിന്റെ രൂപതാതല ഉദ്ഘാടനം പാലാ ഹെഡ് പോസ്റ്റോഫീസ് പടിക്കൽ ജൂൺ 4 രാവിലെ 10 മണിക്ക് രൂപതാ ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവ്വഹിച്ചു. രൂപതാപ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സാജു അലക്സ്, ഇമ്മാനുവൽ നിധീരി, സണ്ണി നായിപുരയിടം എന്നിവർ പ്രസംഗിച്ചു. അന്നേദിവസം രൂപതയിലെ നൂറോളം യൂണിറ്റ് കേന്ദ്രങ്ങളിലെ പ്രധാന സർക്കാർ ഓഫീസുകൾക്കുമുമ്പിൽ അതത് കമ്മിറ്റികളുടെ നേതൃത്വത്തിൽ നില്പു സമരം നടത്തപ്പെട്ടു.

**ഹൈ എൻഡ്വൈസർ ഷീൽഡ് വിതരണം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ, രൂപതാസമിതികളുടെ ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഹൈ എൻഡ് ഷീൽഡ് ഫേസ് മാസ്ക് വിതരണം ചെയ്തു. അമേരിക്കയിലെ പി.എസ്.ജി. ഗ്രൂപ്പിന്റെ സഹകരണത്തോടെയാണ് ഷീൽഡ് നൽകിയത്. കൊറോണക്കാലത്ത് കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ധരിക്കുവാൻവേണ്ടിയുള്ള മാസ്ക് വിതരണത്തിന്റെ ഉദ്ഘാടനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. ഗ്ലോബൽസമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം മാസ്ക് കൈമാറി. മോൺ എബ്രാഹം കൊല്ലിത്താനത്തുമലയിൽ, ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, ഇമ്മാനുവൽ നിധീരി, ജേക്കബ് മുണ്ടയ്ക്കൻ, ജോയി കണിപറമ്പിൽ, രൂപതാ ഭാരവാഹികൾ, ഹോസ്പിറ്റൽ അധികൃതർ തുടങ്ങിയവർ പങ്കെടുത്തു.

**ചേർപ്പുങ്കൽ കോളേജ് സംഭവത്തിൽ പ്രതിഷേധം**

ചേർപ്പുങ്കൽ ബി.വി.എം. കോളേജിൽ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് വിദ്യാർത്ഥിനി ആത്മഹത്യചെയ്ത സംഭവത്തിൽ പ്രിൻസിപ്പലിനെതിരേ നടപടി സ്വീകരിച്ച എം.ജി. യൂണിവേഴ്സിറ്റി വി.സി.യുടെ നടപടിക്കെതിരേ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതി പ്രതിഷേധിച്ചു. തെറ്റിദ്ധാരണാജനകമായ വാർത്തകളുടെ അടിസ്ഥാനത്തിലും വ്യക്തമായ അന്വേഷണം നടത്താതെയും സിൻഡിക്കേറ്റിന്റെ അനുമതി കൂടാതെയും തിടുക്കത്തിൽ നടപടി എടുത്തത് തികച്ചും നീതികേടാണെന്ന് രൂപതാസമിതി വിലയിരുത്തി. രൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ ഭാരവാഹികൾ കോളേജിലും ചേർപ്പുങ്കൽ പള്ളിയിലും എത്തി പിന്തുണ പ്രഖ്യാപിച്ചു.

**അടുക്കളത്തോട്ട മത്സരം – വിജയികൾ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതി ലോക്ഡൗൺകാലത്ത് സംഘടിപ്പിച്ച 'അടുക്കളത്തോട്ട മത്സര'ത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കുന്നതിനും കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലോക്ഡൗൺകാലം ക്രിയാത്മകമാക്കുന്നതിനുംവേണ്ടി നടത്തപ്പെട്ട മത്സരത്തിൽ രണ്ടായിരത്തോളം കുടുംബങ്ങൾ പങ്കെടുത്തു.

മത്സരത്തിൽ, ലെനു മാത്യു ചെഞ്ചേരിൽ (മാന്നാർ) ഒന്നാം സ്ഥാനവും കർഷകശ്രീ പുരസ്കരവും കരസ്ഥമാക്കി. ജെസി പാളിയിൽ (കോതനല്ലൂർ) രണ്ടാം സ്ഥാനവും ഷെറി ജോൺ തെങ്ങാപാറയിൽ (രത്നഗിരി) മൂന്നാംസ്ഥാനവും ലിസി തെക്കേൽ (കൊഴുവനാൽ) നാലാംസ്ഥാനവും ബേബി കപ്പിലുമാക്കൽ (ചേന്നാട്) അഞ്ചാം സ്ഥാനവും നേടി. സിറിയക് താമരക്കാട് (കുറിച്ചിത്താനം), മോളി ഇടക്കരോട്ട് (കടനാട്), മാത്യു (തീക്കോയി), ലൈസമ്മ പാറേക്കാട്ട് (രാമപുരം), ബാബു മഠത്തിക്കുന്നേൽ (മുട്ടുചിറ) എന്നിവർ പ്രോത്സാഹനസമ്മാനാർഹരായി.

ജോഫി ഞാവള്ളിൽ പുത്തൻപുര (പാലാ) മികച്ച യുവകർഷകനുള്ള പുരസ്കാരവും സന്തോഷ് വെളുത്തേടത്തുപറമ്പിൽ (പാലാ) മികച്ച ടെറസ് കൃഷിക്കുള്ള പുരസ്കാരവും കരസ്ഥമാക്കി.

**ചാർട്ടേർഡ് വിമാനങ്ങൾ – പ്രവാസി ഹെൽപ് ഡസ്ക്**

കോവിഡ് മൂലം ഗൾഫ് നാടുകളിൽ കുടുങ്ങിപ്പോയ മലയാളികൾക്കായി കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ചാർട്ടേർഡ് ഫ്ളൈറ്റുകൾ ക്രമീകരിച്ചു. യു.എ.ഇ., ഖത്തർ എന്നിവിടങ്ങളിൽനിന്നുള്ള ആദ്യവിമാനങ്ങൾ ജൂൺ 26, 28 തീയതികളിൽ കേരളത്തിൽ എത്തി. വരുംദിവസങ്ങളിൽ കൂടുതൽ ഫ്ളൈറ്റുകൾ ചാർട്ട് ചെയ്തിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ് പ്രവാസി ഹെൽപ് ഡസ്കിന്റെ ഭാഗമായി വിവിധ രൂപതകളിൽനിന്ന് വിവരശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗൾഫ് രാജ്യങ്ങളിലെ കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതികളുടെ നേതൃത്വത്തിലും ഗ്ലോബൽ സമിതിയുടെ ഇടപെടലിലുമാണ് പ്രസ്തുത സർവ്വീസുകൾ നടത്തുന്നത്. നമ്മുടെ സമുദായാംഗങ്ങൾക്ക് പ്രത്യേകിച്ച് ഇതു വലിയ പ്രയോജനം ചെയ്യുകയുണ്ടായി.

**ഇമ്മാനുവൽ നിധീരി** (ജന സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ഫലവൃക്ഷത്തൈ വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അത്യുത്പാദനശേഷിയുള്ള ഫലവൃക്ഷത്തൈകളുടെ വിതരണം നടന്നുവരുന്നു. പാലാ സെന്റ് തോമസ് പ്രസ്സിനു സമീപമുള്ള അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ചാണ് കുറഞ്ഞ നിരക്കിൽ പച്ചക്കറിത്തൈകളും ഫലവൃക്ഷ

ത്തൈകളും വിതരണം ചെയ്യുന്നത്. മികച്ചയിനം തെങ്ങിൻതൈകൾ 8 ഇനത്തിൽപ്പെട്ട പ്ലാവിൻതൈകൾ, വിവിധയിനം മാവിൻതൈകൾ, സപ്പോർട്ട, നാരകം, അവക്കോട, അലവോ റമ്പൂട്ടാൻ, ചാമ്പ, കടപ്ലാവ്, പേര, നെല്ലി, മംഗോസ്റ്റിൻ തുടങ്ങിയ വിവിധയിനം തൈകൾ വിതരണം ചെയ്തുവരുന്നു. ഫലവൃക്ഷത്തൈകളുടെ ഔപചാരിക വിതരണോദ്ഘാടനം ബിഷപ് മാർ ജേക്കബ് മുരിക്കൻ പിതാവിൻനിന്നു തൈകൾ ഏറ്റുവാങ്ങിക്കൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സെബാസ്റ്റ്യൻ കുളത്തുങ്കൽ നിർവ്വഹിച്ചു.

**ക്യാൻസർ ചികിത്സാ ധനസഹായ വിതരണം**

സൊസൈറ്റിയുടെ ക്യാൻസർ പ്രതിരോധയജ്ഞപരിപാടിയായ ആശാകിരണം പദ്ധതിയുടെ ഭാഗമായി 40 ക്യാൻസർ രോഗികൾക്ക് 1000 രൂപായുടെ ചികിത്സാസഹായം വിതരണം ചെയ്യുന്നു.

**ഗ്രോബാഗുകൾ**

പച്ചക്കറിക്കൃഷി ചെയ്യുന്നതിന് വലിയ ഗ്രോബാഗുകൾ കുറഞ്ഞ നിരക്കിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും അഗ്രിമ മാർക്കറ്റിലും ലഭ്യമാണ്.

**കുടുംബോദ്ധാരണ പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ചു നടപ്പിലാക്കിവരുന്ന കുടുംബോദ്ധാരണ പദ്ധതിയുടെ ഭാഗമായി പുതിയ 60 കുടുംബാംഗങ്ങൾക്കുകൂടി ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പദ്ധതിയിൽ എടുക്കുന്ന കുടുംബാംഗങ്ങൾക്കു ജീവിതനിലവാരം ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നവസംരംഭങ്ങൾക്കു 6 വർഷക്കാലയളവിൽ ഏകദേശം ഒരു ലക്ഷം രൂപായുടെ ധനസഹായം ലഭിക്കും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 13 വയസ്സിൽ താഴെയുള്ള കുട്ടികളുള്ള കുടുംബങ്ങൾക്ക് അപേക്ഷിക്കാം. കൂടാതെ വിധവ, ക്യാൻസർരോഗം, ക്ഷയരോഗം, മാനസിക - ശാരീരിക വൈകല്യങ്ങൾ ഇവയിൽ ഏതെങ്കിലും ഒന്ന് അപേക്ഷിക്കുന്ന കുടുംബങ്ങൾക്ക് ബാധകമായിരിക്കണം. പദ്ധതിയിൽ തിരഞ്ഞെടുത്ത കുടുംബത്തിനു ധനസഹായം നൽകുന്നതോടൊപ്പം ആറ് വർഷക്കാലയളവിൽ വിവിധങ്ങളായ സ്വയംതൊഴിൽ പരിശീലനങ്ങളും നൽകുന്നതാണ്.

**കൊറോണ പ്രതിരോധയജ്ഞം**

കൊറോണ പ്രതിരോധപരിപാടിയുടെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വിവിധങ്ങളായ പ്രവർത്തനബോധവത്കരണ പരിപാടികൾ നടത്തുന്നു. 50 മില്ലി മുതൽ 5 ലിറ്റർ വരെയുള്ള സാനിറ്റൈസറുകൾ, സാനിറ്റൈസർ ഡിസ്പെൻസറുകൾ, ഹാൻഡ് വാഷ്, സോപ്പ് ഓയിൽ കിറ്റുകൾ, സോപ്പുകൾ, മാസ്കുകൾ തുടങ്ങിയവ കുറഞ്ഞ നിരക്കിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഓഫീസിൽ ലഭ്യമാണ്.

**മാൻവെട്ടത്ത് പുതിയ എസ്.എച്ച്.ജി.കൾ**

മാൻവെട്ടം ഇടവകയിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും 6 വീതം കർഷകദളങ്ങൾ പുതിയതായി രൂപീകരിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, യൂണിറ്റ് ഡയറക്ടർ റവ.ഡോ. സൈറസ് വേലംപറമ്പിൽ, പി.വി. ജോർജ്, ഡാന്റീസ് കൂനാനിക്കൽ തുടങ്ങിയവരും രൂപീകരണത്തിന് ബീനാ കുഞ്ഞുമോൻ നേതൃത്വം നൽകി.

**ഭിന്നശേഷിയുള്ള കുട്ടികളുടെ ചികിത്സാ ധനസഹായപദ്ധതി**

സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 25 വയസ്സിൽ താഴെയുള്ള മാനസിക-ശാരീരിക വൈകല്യങ്ങളുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു. പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് പി.എസ്.ഡബ്ല്യു.എസ്.ൽ അപേക്ഷ സമർപ്പിക്കാം.

**ഹോം ഡെലിവറി പ്രോഗ്രാം ഉദ്ഘാടനം**

ഫലവൃക്ഷത്തൈകൾ എല്ലാ വീടുകളിലും എത്തിക്കുവാൻ ലക്ഷ്യം വെച്ചുള്ള ഹോം ഡെലിവറി പ്രോഗ്രാമിന്റെ ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ പി. തിലോത്തമൻ നിർവ്വഹിച്ചു. അഗ്രിമ കർഷക മാർക്കറ്റിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അദ്ധ്യക്ഷത വഹിച്ചു.

**സുഭിക്ഷഗ്രാമം സുന്ദരഗ്രാമം**

കർഷകവർഷാചാരണത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ആവിഷ്കരിച്ച 'സുഭിക്ഷഗ്രാമം സുന്ദരഗ്രാമം' പരിപാടിയുടെ ഉദ്ഘാടനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിൽനിന്നും പച്ചക്കറിത്തൈകൾ സ്വീകരിച്ചുകൊണ്ട് മാണി സി. കാപ്പൻ നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി രണ്ടര ലക്ഷത്തോളം പച്ചക്കറിത്തൈകൾ രൂപതയിലുടനീളം വിതരണം ചെയ്തു. അഗ്രിമ ഗ്രോബാഗുകളുടെ വിതരണോദ്ഘാടനം വികാരി ജനറാൾ മോൺ. ഡോ. ജോസഫ് തടത്തിൽ നിർവ്വഹിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**1. സ്കോളർഷിപ്പുകൾ**

2019 – 2020 ലെ അദ്ധ്യനവർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പി ജി, ഇതരകോഴ്സുകളിലെ പരീക്ഷകളിൽ ഫസ്റ്റ് ക്ലാസ്സ് വാങ്ങി വിജയിച്ച ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.എം.എസ് പാലാ രൂപതാ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അപേക്ഷ ഫോറം പൂരിപ്പിച്ച് മാർക്ക് ലിസ്റ്റിന്റെ കോപ്പി സഹിതം ജൂലൈ 31-നകം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**2. പ്രതിഭാ സ്കോളർഷിപ്പ്**

കഴിഞ്ഞ വർഷം (2019-2020) 5 -ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും വാർഷിക പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും A grade മാർക്ക് വാങ്ങിയ ഡി.സി.എം.എസ് അംഗങ്ങളുടെ കുട്ടികൾക്ക് പ്രതിഭാ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷഫോറം പൂരിപ്പിച്ച് മാർക്ക് ലിസ്റ്റ് സഹിതം 2020 ജൂലൈ 31 നകം ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**3. കലാനിധി**

കലാപരിശീലനം നടത്തുന്ന ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.എം.എസ്. സംഘടനയിൽനിന്ന് പഠനസഹായങ്ങൾ നൽകുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ ജൂലൈ 31-നകം ഡി.സി.എം.എസ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

**4. തൊഴിലധിഷ്ഠിത കോഴ്സുകൾ**

പ്ലസ്ടു കഴിഞ്ഞ് ഉപരിവിദ്യാഭ്യാസം (നേഴ്സിങ്, ഹോട്ടൽ മാനേജ്മെന്റ്, എഞ്ചിനീയറിങ്) തുടങ്ങിയവ നടത്താൻ ആഗ്രഹിക്കുന്ന ദലിത് കത്തോലിക്കാ കുട്ടികൾ ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ജൂലൈ 15-നകം അപേക്ഷ നൽകേണ്ടതാണ്.

**കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ**

**1. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് ലോൺ**

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ഓൺലൈൻ സൗകര്യം ഇല്ലാത്ത 5-ാം ക്ലാസ്സ് മുതൽ 12 -ാം ക്ലാസ്സ് വരെ പഠിക്കുന്ന ദലിത് ക്രൈസ്തവ കുട്ടികൾക്ക് പഠനത്തിനായി ലാപ്ടോപ് വാങ്ങാൻ 50000/- രൂപ വരെ ലോണായി നൽകുന്നു. പ്രതിവർഷം 2.5 ശതമാനം പലിശയോടുകൂടി 24 മാസംകൊണ്ട് അടച്ചു തീർക്കണം. ഈടായി 24 ചെക്ക് ലീഫ് നൽകണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ആഗസ്റ്റ് 31 നു മുമ്പ് രൂപതാ ഓഫീസിൽ അപേക്ഷ നൽകേണ്ട താണ്. അപേക്ഷയോടൊപ്പം ലാപ്ടോപ്പിന്റെ ക്വൊട്ടേഷൻ (ഇൻവോയിസ്) കോപ്പിയും നൽകണം.

**2. "അതിജീവനത്തിന് ഒരു കൈത്താങ്ങ്" വായ്പാപദ്ധതി**

പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനിൽനിന്ന് വിവിധ വായ്പകൾ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്ക് 10000/- രൂപ പലിശരഹിത വായ്പ ആയി നൽകുന്നതാണ്. ജൂലൈ 31-നകം അപേക്ഷ നൽകേണ്ടതാണ്.

**ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്**

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റാർഹവിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥികൾക്കും, സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം ആറു ലക്ഷം രൂപ വാർഷികവരുമാന

പരിധിക്കു വിധേയമായി ഒ.ഇ.സി. വിഭാഗങ്ങളുടേതിനു സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുള്ള ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും അർഹമായ തുക ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതാണ്. സ്കൂൾ പ്രധാനാധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ www.egrantzkerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടലിലൂടെ ഓൺലൈൻ ആയി 31.07.2020 നകം പിന്നാക്കവിഭാഗവികസന വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെ.എൽ.എം.

**വിവിധ ക്ഷേമനിധികളിലേക്ക് അംഗങ്ങളാവാൻ അവസരം.**

(1) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി (2) അസംഘടിത തൊഴിലാളി ക്ഷേമനിധി (3) കർഷകത്തൊഴിലാളി ക്ഷേമനിധി (4) മോട്ടോർ തൊഴിലാളി ക്ഷേമ നിധി (5) തയ്യൽത്തൊഴിലാളി ക്ഷേമനിധി (6) ചെറുകിട തോട്ടംതൊഴിലാളി ക്ഷേമ നിധി (7) പ്രവാസി ക്ഷേമനിധി.

ജൂലൈ 1 മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നു.

**വിശദവിവരങ്ങൾക്ക്:**

പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ താഴെ കാണുന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

Mob: 8304981275 (O), 9400661492

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭിച്ചു.

**ബൈബിൾ ക്ലാസ്**

വി. യോഹന്നാന്റെ സുവിശേഷം ഓൺലൈനായി പഠിപ്പിക്കുന്നതാണ്. താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം 2020 ജൂൺ 8 നു രാവിലെ 9.30 മുതൽ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ online ആയി നടത്തപ്പെട്ടു. വിവിധ

മിനിസ്ട്രികൾക്ക് ചുമതല വഹിക്കുന്ന സേവനസമിതി അംഗങ്ങൾ തങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന പ്രവർത്തനരീതിയെക്കുറിച്ചും പങ്കുവെച്ചു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സേവനസമതി സമ്മേളനത്തിനു നേതൃത്വം നൽകി. സാധ്യമായ എല്ലാ രീതിയിലും ശുശ്രൂഷകൾ നടത്തണമെന്നും അംഗങ്ങളെ ഓർമ്മിപ്പിച്ചു. 12 മണിയോടെ സേവനസമിതി സമ്മേളനം സമാപന ആശീർവാദപ്രാർത്ഥനയിലൂടെ അവസാനിച്ചു.

**സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭം കുറിച്ച ട്രെയിനിങ് പ്രോഗ്രാം ജൂൺ മാസവും ഓൺലൈനിൽ നടത്തി. ആദ്യ ബാച്ചിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കി. അടുത്ത ബാച്ച് രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ രൂപതയിൽനിന്ന് നിരവധി പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**L.S.S (Life in sprit Seminar )**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണ് എന്ന് മനസ്സുലാക്കികൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S. നമ്മുടെ രൂപത സോണിൽനിന്ന് 50 ഓളം പേർ ഈ ട്രെയിനിങ് പ്രോഗ്രാമിൽ ഓൺലൈനായി പങ്കെടുത്തുകൊണ്ടിരിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം അംഗങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇടവക പ്രാർത്ഥനഗ്രൂപ്പ് അംഗങ്ങളുടെ സമഗ്രമായ വളർച്ച ഇതിലൂടെ സാധിതമാകുന്നു.

**കാരിസ് യൂത്ത് കോൺഫ്രൻസ്**

'യുവജന പ്രേഷിതത്വത്തിൽ മുതിർന്നവർ അവരോടൊപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. നാനൂറോളം പേർ ഇപ്പോൾ ഓൺലൈൻ ആയി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസി മോൾ സജി കുരിശുംമുട്ടിലും ഇതിനു നേതൃത്വം നൽകുന്നു

**ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ മിനിസ്ട്രി സേവന സമിതി അംഗങ്ങളുടെ മീറ്റിംഗ് ഓൺലൈനായി നടത്തി. കുട്ടികൾക്കും അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം & മിഖായേൽ റെശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിച്ചു. മിനിസ്റ്ററി കോഡിനേറ്റർ Beya Jojet നേതൃത്വം നൽകുന്നു

**കാർഷികവിളകളുടെ ഉത്പാദനം**

കോവിഡ്-19ന്റെ പശ്ചാത്തലത്തിലും സാമ്പത്തികമാന്ദ്യം പരിഹരിക്കുന്നതിനുമായി തരിശായിക്കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കാൻ സബ് സോൺ തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

**ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനുസൗജന്യമായി സ്ഥലം**

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ പാലാ ഹോം പ്രൊജക്ടിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് നമ്മുടെ രൂപതാ കരിസ്മാറ്റിക് സേവനസമിതി സെക്രട്ടറിയായ ജോൺസൺ തടത്തിൽ, രാമപുരം 8.5 സെന്റ് സ്ഥലം രണ്ടുപേർക്കും ട്രഷറർ ജോർജുകുട്ടി ഞാവള്ളിയിൽ, പാലാ 18 സെന്റ് സ്ഥലം മൂന്നുപേർക്കും ഭവനനിർമ്മാണത്തിനായി സൗജന്യമായി കൊടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

കൊറോണാ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ, "ദൈവശക്തി വ്യാപരിക്കുന്നു" എന്ന പേരിൽ ദിവസേന ഒരു മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളോടെ യൂട്യൂബ്വഴി ഏപ്രിൽ പതിനാലാം തീയതി ആരംഭിച്ച ഓൺലൈൻ ധ്യാനം തുടർന്നുകൊണ്ടിരിക്കുന്നു. ധ്യാനകേന്ദ്രത്തിന്റെ mountnebo.online എന്ന വെബ്സൈറ്റിൽ പ്രസ്തുത പരിപാടി ലഭ്യമാണ്. ധ്യാനത്തിന്റെ ലിങ്ക് ചുവടെ ചേർക്കുന്നു:

Online retreat ->

https://www.youtube.com/playlist?list=PLKZ57M4kVz4ePgWpKzwzFFUXIxfCUihk8

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

## ഇൻഫാം

**1. ദേശീയ ഭാരവാഹികളുടെ വിവിധ കോൺഫ്രൻസ്**

ഇൻഫാം ദേശീയ രക്ഷാധികാരി മാർ റെമേജിയൂസ് ഇഞ്ചനാനിക്കൽ നയിച്ച ദേശീയ ഭാരവാഹികളുടെ വീഡിയോ കോൺഫ്രസ് ജൂൺ 3-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ നടത്തപ്പെട്ടു. ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, ദേശീയ സെക്രട്ടറി ഫാ. ആന്റണി കൊഴുവനാൽ, ദേശീയ പ്രസിഡന്റ് പി.സി. സിറിയക് ഐ.എ.എസ്. തുടങ്ങിയവർ നേതൃത്വം വഹിച്ചു. പാലായിൽനിന്ന് ഡയറക്ടർ ഫാ. ജോസ് തറപ്പേൽ പ്രസിഡന്റ് മാത്യു മലേപ്പറമ്പിൽ തുടങ്ങിയവർ സംബന്ധിച്ചു. കൊറോണക്കാലത്ത് കർഷകർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്തു. പരമാവധി കാർഷികവിളകൾ ഉത്പാ

ദിപ്പിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കാനും കാർഷിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുവാനും യോഗം തീരുമാനിച്ചു.

**രൂപതാ എക്സിക്യൂട്ടീവ്**

ജൂൺ 6–ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപതാ എക്സിക്യൂട്ടീവ് കൂടി കൊറോണക്കാലത്തെ കാർഷികപ്രശ്നങ്ങളെക്കുറിച്ച് അവലോകനം നടത്തി. രൂപത നടത്തുന്ന കർഷകവർഷം പ്രമാണിച്ചുള്ള എല്ലാ പ്രോഗ്രാമുകൾക്കും പ്രത്യേകിച്ച്, പി.എസ്.ഡബ്ല്യു.എസ്., എസ്.എം.വൈ.എം തുടങ്ങിയ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് വേണ്ട പ്രോത്സാഹനങ്ങൾ നൽകുവാൻ തീരുമാനിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## സി. മേരി ലൂസിയ എഫ്.സി.സി.

പാലാ രൂപത നരിയങ്ങാനം ഇടവകയിൽ മച്ചിയാനിക്കൽ മാണി, ഏലി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 1915 നവംബർ 10-ാം തീയതി ബഹു. ലൂസിയാമ്മ ഭൂജാതയായി. തന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ലൂസിയാമ്മ 1939-ൽ ളാലം മഠത്തിൽ അർത്ഥിനിയായി ചേർന്നു. പഠനകാലത്ത് വി. അൽഫോൻസാമ്മയുമായി അടുത്തിട പഴകുവാൻ ലൂസിയാമ്മയ്ക്കു ഭാഗ്യം ലഭിച്ചു.

1944 സെപ്തംബർ 7-ാം തീയതി പ്രഥമവ്രതവാഗ്ദാനം നടത്തിയ അന്നമ്മ സി. മേരി ലൂസിയ എന്ന പേര് സ്വീകരിച്ചു. 1945 ഒക്ടോബർ 23-ാം തീയതി നിത്യവ്രതവാഗ്ദാനം നടത്തി. തന്റെ പ്രേഷിതരംഗമായ അധ്യാപനശുശ്രൂഷയിൽ 1939 മുതൽ 1944 വരെ അമ്മ അറിവിന്റെ കൈത്തിരി പകർന്നുനല്കിയത് ളാലം മഠത്തിലായിരുന്നുകൊണ്ടാണ്. തുടർന്ന്, കണ്ണാടിയുറുമ്പ്, ചെമ്മലമറ്റം, പെരിങ്ങുളം, മലയിഞ്ചിപ്പാറ എന്നീ ഭവനങ്ങളിൽ താമസിച്ചുകൊണ്ട് അമ്മ തന്റെ അധ്യാപനപ്രേഷിതത്വം സ്തുത്യർഹമായവിധത്തിൽ നിർവഹിച്ചു. തന്റെ ശിഷ്യഗണങ്ങളുടെ മനസ്സിൽ ലൂസിയാമ്മ ഒരു നല്ല അമ്മയും ഗുരുനാഥയും ആയിരുന്നു. ഇടവകപ്രവർത്തനങ്ങളിൽ ലൂസിയാമ്മ സജീവസാന്നിദ്ധ്യമായിരുന്നു. ചെമ്മലമറ്റം, മരിയൻ സെന്റർ, സാന്തോം മുത്തോലി എന്നിവിടങ്ങളിലും പാലാ പ്രൊവിഡൻസ് ക്ലിനിക്കിലും (ആശാനിലയം) അമ്മ സുപ്പീരിയറായിരുന്നു.

Become a real Franciscans sister Intimate Love with Jesus ഇതായിരുന്നു ലൂസിയാമ്മയെ നയിച്ച ജീവിതാദർശം. തന്റെ വ്രതവാഗ്ദാനത്തിന്റെ ഗോൾഡൻ ജൂബിലിയും ഡയമണ്ട് ജൂബിലിയും ആഘോഷിക്കുവാൻ അമ്മയ്ക്ക് ഭാഗ്യം ലഭിച്ചു. കൂടാതെ തന്റെ 100-ാം ജന്മദിനം കലാനിലയം മഠത്തിൽവച്ച് അത്യാഡംബരപൂർവ്വം ആഘോഷിച്ചു. ഭരണങ്ങാനം, പാലാ പ്രോവിൻസുകളിലെ പ്രൊവിൻഷ്യലമ്മമാരും, സഹോദരിമാരും, വീട്ടുകാരും, നാട്ടുകാരും എല്ലാവരുംചേർന്ന് ആ ജന്മദിനം അവിസ്മരണീയമാക്കി.

തന്റെ വേദനകളെ സങ്കീർത്തനങ്ങളാക്കി സഹനങ്ങൾ പാഴായിപ്പോകാതെ തമ്പുരാനിൽ അർപ്പിച്ചു. 105 വയസുവരെ ഏറെ തീക്ഷ്ണതയോടെ സമൂഹപ്രാർത്ഥനയിൽ പങ്കുകൊണ്ടിരുന്ന അമ്മ പ്രാർത്ഥനകൾ വളരെ വ്യക്തതയോടെയും സ്ഫുടമായും ചൊല്ലിയിരുന്നു. എല്ലാ ദിവസവും 11.30-12.30വരെയുള്ള ആരാധനയ്ക്ക് കൃത്യമായി വരികയും പ്രാർത്ഥനകൾക്കു നേതൃത്വം നൽകുകയും ചെയ്തിരുന്നു. ലോകം മുഴുവനുംവേണ്ടി എല്ലാ ദിവസവും സായാഹ്നപ്രാർത്ഥനയിൽ അമ്മ ഒരു കാറോസൂസ ചൊല്ലിയിരുന്നു. അമ്മയ്ക്ക് എല്ലാവരോടും സ്നേഹമായിരുന്നു. തമാശകൾ പറഞ്ഞ് ഏവരെയും ആനന്ദിപ്പിച്ചിരുന്നു. പ്രാർത്ഥനയുടെ പ്രേഷിതയായിരുന്ന അമ്മ കലാനിലയം മഠത്തിന്റെ ചൈതന്യവും കെടാവിളക്കും മാതൃകയും ആയിരുന്നു. ശാന്തമായൊഴുകുന്ന ഒരു പുഴപോലെയായിരുന്നു ആ ജീവിതം.

2020 ഏപ്രിൽ 24-ാം തീയതി ഒരു ഓപ്പറേഷനു വിധേയയാകേണ്ടിവന്ന ലൂസിയാമ്മ തന്റെ വേദനകളെല്ലാം സന്തോഷത്തോടെ സ്വീകരിച്ചിരുന്നു. അനേകനാളുകൾ ലൂസിയാമ്മയെ ശുശ്രൂഷിച്ചിരുന്ന ഡിഗ്നാമ്മയോട് ലൂസിയാമ്മയ്ക്ക് ഏറെ നന്ദിയായിരുന്നു. മരിയൻ മെഡിക്കൽ സെന്ററിൽ ശുശ്രൂഷിച്ചിരുന്ന നേഴ്സുമാർക്ക് ലൂസിയാമ്മയോട് സ്നേഹവും ആദരവുമായിരുന്നു. ഏപ്രിൽ 30-ാം തീയതി ക്ഷീണം വർദ്ധിച്ചതിനാൽ മരിയൻ മെഡിക്കൽ സെന്റർ ചാപ്ലെൻ ബഹു. ജോർജ്ജ് ഞാറക്കുന്നേൽ അച്ചൻ ലൂസിയാമ്മയ്ക്ക് രോഗീലേപനം നൽകി. ഹോസ്പിറ്റലിൽനിന്ന് ഡിസ്ചാർജ് ആയതിനുശേഷം വീണ്ടും മെയ് 9-ാം തീയതി പനിയെത്തുടർന്ന് മരിയൻ ഹോസ്പിറ്റലിൽ അഡ്മിറ്റായി. ഒരാഴ്ചത്തെ ചികിത്സയ്ക്കുശേഷം തിരിച്ചെത്തി.

നന്ദിയുടെ ഒരു മനോഭാവം അമ്മ എപ്പോഴും ജീവിതത്തിൽ പുലർത്തിയിരുന്നു. അമ്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ എത്തുന്ന ബഹു. വൈദികരോടും അധികാരികളോടുമെല്ലാം അമ്മ എപ്പോഴും നന്ദി പറയുമായിരുന്നു. തന്റെ ബന്ധുക്കളോടും പ്രത്യേകിച്ച് സഹോദരമക്കളോടും കൊച്ചുമക്കളോടുമെല്ലാം ഏറെ സ്നേഹം അമ്മ കാണിച്ചിരുന്നു. 105 വയസ് പിന്നിട്ട അമ്മ അവസാനനിമിഷംവരെയും നല്ല ഓർമ്മശക്തി പുലർത്തിയിരുന്നു. അമ്മ പ്രാർത്ഥനയിൽ എല്ലാവരെയും ഉൾപ്പെടുത്തിയിരുന്നു. വളരെ നാളുകളായി കണ്ണിന്റെ കാഴ്ചശക്തി നഷ്ടപ്പെട്ട അമ്മയ്ക്ക് പരിചയമുള്ള എല്ലാവരുടെയും ശബ്ദം തിരിച്ചറിയാമായിരുന്നു. അമ്മയുടെ അധരത്തിൽനിന്നും ഒരിക്കൽപോലും പരാതിയുടേതായ ഒരു വാക്കുപോലും പുറപ്പെട്ടിട്ടില്ല. എല്ലാത്തിനും നന്ദി എല്ലാവർക്കും നന്ദി ഇതായിരുന്നു അമ്മയുടെ മനോഭാവം.

ജൂൺ 8-ാം തീയതി രാവിലെമുതൽ അനുഭവപ്പെട്ട അസ്വസ്ഥതയെത്തുടർന്ന് വൈകിട്ട് 8 മണിയോടെ അമ്മയ്ക്ക് ശ്വാസതടസ്സം അനുഭവപ്പെട്ടു. ബഹു. പ്രൊവിൻഷ്യലമ്മയും ഭവനാംഗങ്ങൾ എല്ലാവരും പ്രാർത്ഥനാപൂർവ്വം നോക്കി നിൽക്കേ ഒരു ചിറകടി ശബ്ദംപോലും കേൾപ്പിക്കാതെ ബഹു. ലൂസിയാമ്മയുടെ പാവനാത്മാവ് 2020 ജൂൺ 8-ാം തീയതി രാത്രി 8.45ന് തന്റെ സ്വർഗ്ഗീയമണവാളന്റെ ഗേഹത്തിലേക്കു പറന്നുയർന്നു.

10.06.2020 11.30 ꠰ന് അമ്മയുടെ സഹോദരപൗത്രനായ ബഹു. ജോമോൻ കരോട്ടുകിഴക്കേലച്ചൻ അമ്മയ്ക്കുവേണ്ടി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് അരുണാപുരം സെന്റ് തോമസ് പള്ളി വികാരി ബഹു. മാത്യു പുല്ലുകാലാ അച്ചൻ സന്ദേശം നല്കുകയും സംസ്കാരശുശ്രൂഷകൾക്കു നേതൃത്വം നല്കുകയും ചെയ്തു. അതിനുശേഷം മൃതദേഹം അരുണാപുരം പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് മോൺ. പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചൻ നേതൃത്വം നല്കികൊണ്ട് അർത്ഥ സംപുഷ്ടമായ ഒരു ചരമപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് അരുണാപുരം പള്ളി സെമിത്തേരിയിൽ അമ്മയുടെ മൃതശരീരം സംസ്കരിച്ചു. അമ്മയെ സർവ്വേശ്വരൻ നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്ക് ഒന്നുചേർന്നു പ്രാർത്ഥിക്കാം.



## റവ. സി. മരിയ അധികാരം എഫ്.സി.സി.

പാലാ രൂപതയിൽ പ്ലാശനാൽ ഇടവകയിൽ അധികാരം കുടുംബത്തിൽ കുര്യാക്കോസ്-റോസമ്മ ദമ്പതികളുടെ 6 മക്കളിൽ രണ്ടാമത്തെ മകളായി 15-6-1939 ൽ സിസ്റ്റർ മരിയ ജനിച്ചു. 1939 ആഗസ്റ്റ് 9-ാം തീയതി പ്ലാശനാൽ പള്ളിയിൽ വച്ച് മേരി എന്ന പേരിൽ മാമ്മോദീസാ സ്വീകരിച്ചു.

1955-ൽ തീക്കോയി സെന്റ് മേരീസ് എച്ച്.എസിൽനിന്നും എസ്.എസ്.എൽ.സി.യും 1958 ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിൽനിന്നും റ്റി.റ്റി.സി. യും പാസ്സായി. വേലത്തുശ്ശേരി, വെള്ളികുളം എന്നീ സ്കൂളുകളിൽ അധ്യാപികയായിരിക്കെ ക്രിസ്തുനാഥന്റെ വിളിയുടെ സ്വരം ശ്രവിച്ച് 25-6-1965 ൽ എഫ്.സി.സി.യിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനം പൂർത്തിയാക്കി 1967 ൽ ആദ്യവ്രതം ചെയ്ത് സി. മരിയ എന്ന പേര് സ്വീകരിച്ചു. 1972-ൽ നിത്യവ്രതം ചെയ്തു നാഥന് സമ്പൂർണമായി സമർപ്പണം ചെയ്തു.

വേലത്തുശ്ശേരി, വെള്ളികുളം, തീക്കോയി, അരുവിത്തുറ എന്നിങ്ങനെ വിവിധ സ്കൂളുകളിലായി സുദീർഘമായ 38 വർഷങ്ങൾ നീണ്ടുനിന്ന അധ്യാപനപ്രേഷിതപ്രവർത്തനത്തിൽ 19 വർഷക്കാലം അരുവിത്തുറ സെന്റ് മേരീസ് എൽ.പി. എസിൽ ഹെഡ്മിസ്ട്രസായി സേവനമനുഷ്ഠിച്ചു. ബഹു. മരിയാമ്മയുടെ ശിഷ്യഗണത്തിൽപ്പെട്ട അനേകം വൈദികരും സിസ്റ്റേഴ്സും ലോകത്തിന്റെ നാനാ ഭാഗങ്ങളിലായി പ്രേക്ഷിതവേല ചെയ്തുകൊണ്ടിരിക്കുന്നു.

പ്രൊവിൻഷ്യൽ കൗൺസിലറായും പ്രൊവിൻഷ്യൽ ഹൗസ്, ആനന്ദഭവൻ, അരുവിത്തുറ ഹോസ്റ്റൽ എന്നീ മഠങ്ങളിൽ സുപ്പീരിയറായും അരുവിത്തുറ സെന്റ് ജോർജ് ഹോസ്റ്റൽ വാർഡനായും അരുവിത്തുറ, ഭരണങ്ങാനം സൺഡേസ്കൂളുകളിൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. കൂടാതെ ഏതാനും വർഷങ്ങൾ സെന്റ് അൽഫോൻസാ ഷ്രൈനിലും സിസ്റ്റർ ശുശ്രൂഷ ചെയ്തിരുന്നു.

പ്രാർത്ഥനാചൈതന്യം, സന്തോഷപ്രകൃതി, അധികാരവിധേയത്വം, കൃത്യനിഷ്ഠ, ഉത്തരവാദിത്വബോധം, കഠിനാദ്ധ്വാനം എന്നീ സവിശേഷഗുണങ്ങൾ മരി

യാമ്മയിൽ വിളങ്ങിയിരുന്നു. ഒരു വിശുദ്ധയായിത്തീരുക എന്നതായിരുന്നു മരിയാമ്മയുടെ മോട്ടോ.

25-8-2018 ൽ ബഹു. മരിയാമ്മയ്ക്ക് സ്ട്രോക്ക് ഉണ്ടാവുകയും കാരിത്താസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും ചെയ്തു എങ്കിലും കാര്യമായ രോഗ സൗഖ്യം ലഭിച്ചില്ല. രണ്ടുവർഷത്തോളം തീർത്തും ശയ്യാവലംബയായി രോഗത്തിന്റെ വേദനകൾ യാതൊരു പരാതിയും കൂടാതെ സഹിച്ചു. അനുദിനം സഹനത്തിന്റെ ചൂളയിൽ എരിഞ്ഞുതീർന്നുകൊണ്ടിരുന്ന മരിയാമ്മയ്ക്ക് പെട്ടെന്ന് രോഗത്തിന്റെ അസ്വസ്ഥതകൾ വർദ്ധിച്ചുവരികയാൽ 14-6-2020 ൽ രോഗീലേപനം നൽകി. അന്നുതന്നെ രാവിലെ 10.45-ന് അമ്മയുടെ പാവനാത്മാവ് നിത്യതയിലേക്കു പറന്നുയർന്നു.

ബഹു. മരിയാമ്മയുടെ 81-ാം ജന്മദിനമായ ജൂൺ 15-ാം തീയതി തിങ്കളാഴ്ച രാവിലെ 10-ന് പാലാ രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോർ ജോസഫ് തടത്തിലച്ചന്റെ നേതൃത്വത്തിൽ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് മൃതദേഹം തീക്കോയി പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു.

തന്റെ വിശുദ്ധമായ ജീവിതംകൊണ്ടു നന്മയും തിരുസഭയെയും അൽഫോൻസാ ജ്യോതി പ്രൊവിൻസിനെയും പ്രകാശിപ്പിച്ച ഈശോയുടെ സുവർണ്ണതാരമായ മരിയാമ്മയെ തന്റെ ദിവ്യമണവാളൻ നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## റവ. സി. ഫ്രാൻസിസ് ഫിലൊ കായാംമാക്കൽ എഫ്.സി.സി.

പാലാ രൂപത, കുടയത്തൂർ ഇടവക കായാംമാക്കൽ ജോസഫ്-മറിയാമ്മ ദമ്പതികളുടെ 8 മക്കളിൽ രണ്ടാമത്തെ സന്താനമായി 12-1-1939 ൽ സി. ഫ്രാൻസിസ് ഫിലൊ ഭൂജാതയായി. മാമ്മോദീസായിൽ മറിയം എന്ന പേര് നൽകപ്പെട്ടു. കുടയത്തൂർ ഗവ. ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ. സി. പാസായശേഷം 16-7-1960 ൽ വിമലഗിരി മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1962 മെയ് 4-ന് ആദ്യവ്രതവാഗ്ദാനവും 1965 മെയ് 21-ന് നിത്യവ്രതവാഗ്ദാനവും നടത്തി നാഥന്റെ സ്വന്തമായിത്തീർന്നു.

1965 ൽ തയ്യൽ പരിശീലനം പൂർത്തിയാക്കിയ അമ്മ നീഡിൽ വർക്ക് & ഗാർമെന്റ്സ് മേക്കിംഗ് പരീക്ഷ പാസായി സർട്ടിഫിക്കറ്റ് നേടി. തുടർന്ന് പൂഞ്ഞാർ, മണിയംകുന്ന്, കണ്ണാടിയുറുമ്പ്, ഭരണങ്ങാനം, കല്ലൂർക്കുളം തുടങ്ങിയ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്ത അമ്മ, 1971 മുതൽ നീണ്ട 24 വർഷം മലയിഞ്ചിപ്പാറ സെന്റ് ജോസഫ്സ് യു.പി. സ്കൂളിൽ തന്റെ അധ്യാപനശുശ്രൂഷ സുത്യത്യർഹമാംവിധം നിർവ്വഹിച്ച് അനേകം ജീവിതങ്ങൾക്ക് പ്രകാശം പകർന്നുനൽകി. 1962 മുതൽ വിവിധ ഭവനങ്ങളിലായി 40 വർഷത്തെ സൺഡേ സ്കൂൾ അധ്യാപനത്തിലൂടെ ഇളംമനസ്സുകളിൽ ദൈവസ്നേഹത്തിന്റെ ബാലപാഠങ്ങൾ അഭ്യസിപ്പിക്കുന്നതിൽ അമ്മ ഉത്സുകയായിരുന്നു.

'എല്ലാവരെയും സ്നേഹിച്ച് ഒരു വിശുദ്ധയാവുക' എന്ന് പേഴ്സണൽ ഡയറിയിൽ കുറിച്ചുവച്ചിരുന്ന മോട്ടോ അനുസരിച്ച് ശിശുതുല്യമായ നിർമ്മലത യോടെ അമ്മ തന്റെ ജീവിതത്തെ ക്രമപ്പെടുത്തി. ശാന്തത, ദൈവാശ്രയബോധം, ദിവ്യകാരുണ്യഭക്തി, പാവങ്ങളോടുള്ള കരുതൽ, ഇവ അമ്മയിൽ വിളങ്ങിയിരുന്ന സുകൃതങ്ങൾ ആയിരുന്നു. കുഞ്ഞുങ്ങളെ അത്യധികം സ്നേഹിച്ചിരുന്ന അമ്മ അവരെ സുകൃതജപങ്ങൾ പഠിപ്പിച്ചും കൊച്ചുസമ്മാനങ്ങൾ നൽകിയും അവരോ ടൊപ്പം പ്രാർത്ഥനയിൽ മുഴുകിയും ഏവർക്കും മാതൃക നൽകിയിരുന്നു. 50 വർഷ ത്തോളം പ്രാർത്ഥനയുടെയും ശുശ്രൂഷയുടെയും ജീവിതത്തിലൂടെ മലയിഞ്ചി പ്പാറ ഇടവകയിൽ പുണ്യപരിമളം പരത്താൻ അമ്മയ്ക്ക് കഴിഞ്ഞു.

വാർദ്ധക്യസഹജമായ രോഗങ്ങളാൽ, പ്രത്യേകിച്ച് നട്ടെല്ലിന്റെ ബലക്കു റവിനാൽ ക്ലേശിച്ച അമ്മയെ 4-11-2019 ൽ കൂടുതൽ പരിചരണം ലഭിക്കുന്നതിന് കോൾബെ ഡിസ്പെൻസറിയിലേക്കു മാറ്റി. ക്ഷീണം വർദ്ധിച്ചതിനെത്തുടർന്ന് 22-6-2020 രാവിലെ വി. കുർബാന സ്വീകരിച്ച് അമ്മ, ബഹു. ജോർജ് മുളങ്ങാട്ടിൽ അച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ചു. ഉച്ചയ്ക്ക് 1.15 ന് സഹോദരിമാർ പ്രാർത്ഥനാനിരതരായി നിൽക്കെ അമ്മയുടെ ആത്മാവ് ദിവ്യനാഥനിൽ വിലയം പ്രാപിച്ചു.

പിറ്റേദിവസം മലയിഞ്ചിപ്പാറ സെന്റ് ജോസഫ്സ് മഠം ചാപ്പലിൽ രാവിലെ 11.30 ന് ആരംഭിച്ച സംസ്കാരശുശ്രൂഷകൾക്ക് അമ്മയുടെ സഹോദരൻ റവ.ഫാ. മാത്യു കായാംമാക്കൽ (സെന്റ് ജോർജ് ഫൊറോനാ ചർച്ച് വികാരി, ഇരിട്ടി) നേതൃത്വം വഹിച്ചു. പാലാ രൂപതാ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് തടത്തിൽ ദൈവാലയകർമ്മങ്ങൾക്കു നേതൃത്വം നൽകുകയും അനു ശോചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മലയിഞ്ചിപ്പാറ മാർ സ്ലീവാ പള്ളി വികാരി റവ.ഫാ. ജോസഫ് ചെറുകരക്കുന്നേലിന്റെയും അമ്മയുടെ സഹോ ദരൻ ബഹു. മാത്യു കായാംമാക്കലിന്റെയും സാന്നിധ്യത്തിൽ മൃതദേഹം മലയി ഞ്ചിപ്പാറ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

60 വർഷത്തെ തന്റെ സുദീർഘമായ സമർപ്പിതജീവിതം ദൈവതിരുമു മ്പിൽ സമർപ്പിച്ച് ദൈവമഹത്ത്വം നേരിട്ടു ദർശിക്കുവാൻ 81-ാം വയസ്സിൽ വിശുദ്ധ മന്ദിരത്തിലേക്കു കടന്നുപോയ അമ്മയ്ക്ക് ദിവ്യനാഥൻ തിരുമുഖദർശനഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

| | | JUNE 2020 |
|---|---|---|
| 3 | 12.00 noon | അരമനയിൽ രൂപതയുടെ പ്രവാസികാര്യാലയം ഓഫീസ് ഉദ്ഘാടനം ചെയ്തു. |
| 4 | 06.00 pm | പ്രവിത്താനം ഇടവകയിൽ വലിയമുറത്താങ്കൽ വി.വി. ജോസഫിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 5 | 08.30 am | അരമനയിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് എസ്.എം.വൈ.എം. ന്റെയും പി.എസ്.ഡബ്ല്യു.എസ്. ന്റെയും നേതൃത്വത്തിൽ ഫലവൃക്ഷത്തൈ നട്ടു. |
| 6 | 07.00 am | കരൂർ ഗുഡ്ഷെപ്പേഡ് മൈനർ സെമിനാരിയിൽ വച്ച് ബ്രദേഴ്സിന്റെ വൈദികവസ്ത്രസ്വീകരണം നടത്തി. |
| 8 | 03.00 pm | വിളക്കുമാടം ഇടവകയിൽ ബഹുമാനപ്പെട്ട കുടിലിൽ അച്ചന്റെ സഹോദരന്റെ വേർപാടിൽ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം നല്കി. |
| | 04.00 pm | മാൻവെട്ടം ഇടവകയിൽ ബഹുമാനപ്പെട്ട ഞാറക്കാട്ട് അച്ചന്റെ അമ്മയുടെ വേർപാടിൽ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം നല്കി. |
| 9 | 12.00 noon | പാലാ വൈദികമന്ദിരത്തിൽ മാർ അപ്രേമിന്റെ തിരുനാളിനോടനുബന്ധിച്ച് അച്ചന്മാരെ സന്ദർശിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് എ.കെ.സി.സി. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഷീൽഡ് മാസ്ക് വിതരണം ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| 10 | 02.00 pm | പാലാ ഗുഡ്ഷെപ്പേഡ് മൈനർ സെമിനാരിയിൽ പുതുതായി ചേരാനാഗ്രഹിച്ച കുട്ടികളെ ഇന്റർവ്യൂ ചെയ്തു. |
| 11 | 10.30 am | മലയിഞ്ചിപ്പാറ ഇടവകയിൽ പൂണ്ടിക്കുളം ദേവസ്യായുടെ വേർപാടിൽ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.30 am | കളത്തൂക്കടവ് ഇടവകയിൽ തട്ടാംപറമ്പിൽ റോസമ്മാ ജോർജിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലിപ്രാർത്ഥിച്ചു. |
| 13 | 03.00 pm | ശാലോം പാസ്റ്ററൽ സെന്ററിൽ Safe Environment കമ്മിറ്റി ഓഫീസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| 15 | 10.00 am | കത്തീഡ്രലിൽ ഒത്തുകല്ല്യാണം ആശീർവദിച്ചു. |
| 15-16 | | പറത്താനം സീവ്യൂ എസ്റ്റേറ്റ് സന്ദർശിച്ചു. |
| 17 | 10.00 am | കരൂർ സി.എം.സി. മഠത്തിൽ അർത്ഥിനികളുടെ സന്ന്യാസവസ്ത്രസ്വീകരണം നടത്തി. |
| 18 | 10.30 am | പാലക്കാട് രൂപതയിൽ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെ മെത്രാഭിഷേകകർമ്മത്തിൽ സഹകാർമ്മികനായി പങ്കെടുത്തു. |
| | 08.00 pm | അരമനയിൽ ഈശോയുടെ തിരുഹൃദയത്തിരുനാളോടനുബന്ധിച്ചു തിരുഹൃദയപ്രതിഷ്ഠാ പ്രാർത്ഥനകൾക്ക് മുഖ്യകാർമ്മികത്വം നൽകി. |
| 19 | 03.30 pm | അരമനയിൽ വച്ച് പാലാ കോർപ്പറേറ്റിന്റെ നേതൃത്വത്തിൽ ഓൺലൈൻ പഠനത്തിനു ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് ടെലിവിഷൻ നൽകി. |
| 20 | 8.00 am | കത്തീഡ്രലിൽ ഡീക്കൻ പട്ടം നൽകി |
| 21 | 11.00 am | പാലാ ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ വച്ച് ദൈവശാസ്ത്രവിദ്യാർത്ഥികളോടു സംസാരിച്ചു. |
| | 04.00 pm | കൊഴുവനാൽ ഇടവകയിൽ ഭോപ്പാൽ രൂപതാംഗമായ വടക്കേക്കുറ്റ് സിറിയക് അച്ചന്റെ മൃതസംസ്കാരചടങ്ങുകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 22 | 07.00 am | പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ കാറോയ, ഹെവ്പദ്യാക്കന പട്ടങ്ങൾ നൽകി. |

| | | |
|---|---|---|
| | 10.30 am | മൂലമറ്റം ഇടവകയിൽ കീഴക്കേക്കര റെറ്റി സണ്ണിയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | നീറന്താനം ഇടവകയിൽ ഏറത്ത് കത്രി ഔസേപ്പിന്റെ വേർപാടിൽ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 24 | 11.00 am | പാലാ ഗുഡ് ഷേപ്പേർഡ് മൈനർ സെമിനാരിയിൽ വച്ച് തത്ത്വശാസ്ത്ര വിദ്യാർത്ഥികളോടുസംസാരിച്ചു. |
| 26 | 10.30 am | ലിറ്റർജി കമ്മീഷൻ മീറ്റിംഗ് സൂം കോൺഫ്രറൻസി ലൂടെ നടത്തി. |
| 27 | 10.30 am | അരമനയിൽ വച്ച് പാലായിൽനിന്നും മേജർ സെമി നാരിയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠനവു മായി ബന്ധപ്പെട്ടുള്ള മീറ്റിംഗിൽ നേതൃത്വം നല്കി. |
| | 02.15 pm | അരമനയിൽ മല്ലികശ്ശേരിയിൽ തോട്ടിൽ വീണ 2 വയ സ്സുകാരിയെ രക്ഷപ്പെടുത്തിയ നാല് കുട്ടികളെ ആദ രിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 03.00 am | ലെയ്റ്റി കമ്മീഷൻ മീറ്റിംഗ് സൂം കോൺഫ്രൻസി ലൂടെ നടത്തി. |
| 30 | 09.00 am | മാർ അപ്രേം സെമിനാരിയിൽ വൈദികവിദ്യാർത്ഥി കളോട് സംസാരിച്ചു. |
| | 11.00 am | പാലാ എഫ്.സി.സി. സ്റ്റഡി ഹൗസിൽ നവീകരിച്ച ചാപ്പലിന്റെ വെഞ്ചെരിപ്പ് കർമ്മം നിർവ്വഹിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

| | | JUNE 2020 |
|---|---|---|
| 03 | 11.00 am | മണ്ണയ്ക്കനാട് ഇടവകയിൽ ഈഴക്കുന്നേൽ ജോർജ്ജുകുട്ടിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.00 noon | അരമനയിൽ രൂപതയുടെ പ്രവാസികാര്യാലയം ഓഫീസ് ഉദ്ഘാടനകർമ്മത്തിൽ സംബന്ധിച്ചു. |
| 05 | 09.30 am | കത്തീഡ്രൽ ഇടവകയിൽ ഞാറയ്ക്കൽ (കൂറ്റനാൽ) തങ്കമ്മ സെബാസ്റ്റ്യന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | പ്രവിത്താനം ഇടവകയിൽ വലിയമുറത്താങ്കൽ വി.വി. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| 06 | 07.00 am | ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ രൂപതാ വൈദിക വിദ്യാർത്ഥികൾക്ക് വൈദികവസ്ത്രം നൽകി. |
| 08 | 08.30 am | നീലൂർ ഇടവകയിൽ ഐക്കരപ്പറമ്പിൽ ബേബിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 09.30 am | മറ്റത്തിപ്പാറ ഇടവകയിൽ മോൺ. ജോസഫ് മലേപ്പറമ്പിലച്ചന്റെ പിതാവിനെ സ്വഭവനത്തിൽ സന്ദർശിച്ചു, പ്രാർത്ഥിച്ചു. തുടർന്ന് കാവുംകണ്ടം ഇടവകയിൽ ഹ്രസ്വസന്ദർശനം നടത്തി. |
| | 10.30 am | കടനാട് എസ്.എ.ബി.എസ് മഠത്തിൽ സിസ്റ്റർ ലിറ്റിൽ റോസ് നടുത്തുണ്ടത്തിലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 12.30 am | വിളക്കുമാടം ഇടവകയിൽ ബഹു. ജെയിംസ് കുടിലിലച്ചന്റെ ജ്യേഷ്ഠസഹോദരൻ ശ്രീ. ജോസ് കെ.വി. യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.45 pm | മാൻവെട്ടം ഇടവകയിൽ ബഹു. ജോസഫ് ഞാറക്കാട്ടിലച്ചന്റെ അമ്മ ശ്രീമതി മേരിക്കുട്ടി ജോർജ്ജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 09 | 10.00 am | ചേർപ്പുങ്കൽ ഇടവകയിൽ ശ്രീ കോലടി പാപ്പച്ചന്റെ അനുസ്മരണാർത്ഥം സംഘടിപ്പിച്ച സൗജന്യ ഡയാലിസിസ് കിറ്റുകളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. തുടർന്നു ചേർപ്പുങ്കൽ പള്ളിയിൽ ഹ്രസ്വസന്ദർശനം നടത്തി. |
| 10 | 09.00 am | ഏഴാച്ചേരി ഇടവകയിൽ ഡീക്കൻ ജോൺ കട്ടക്കയം സി.എം.എഫ്-ന് തിരുപ്പട്ടം നൽകി |
| | 12.00 noon | പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അഗ്രിമാ കർഷക മാർക്കറ്റിൽവച്ച് ഫലവൃക്ഷത്തൈകളുടെ വിതരണോത്ഘാടനം നിർവ്വഹിച്ചു. |
| | 2.00 pm | ഗുഡ്ഷെപ്പേഡ് മൈനർ സെമിനാരിയിൽ പുതുതായി ചേരാനാഗ്രഹിച്ച കുട്ടികളെ ഇന്റർവ്യൂ നടത്തി. |
| 11 | 10.30 am. | എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് തിരുഹൃദയ സന്ന്യാസിനീസമൂഹത്തിന്റെ സഭാവസ്ത്ര സ്വീകരണത്തിനും വ്രതവാഗ്ദാനകർമ്മങ്ങൾക്കും മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 12 | 6.00 pm. | കത്തിഡ്രലിൽ ഇടവകയിൽ തോട്ടുചാലിൽ ഏലിക്കുട്ടി ജോർജ്ജിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 13. | 9.30 am. | ഭരണങ്ങാനം ഡി.എസ്.റ്റി. ജനറലേറ്റിൽവച്ച് സഭാവസ്ത്രസ്വീകരണവും വ്രതവാഗ്ദാന തിരുക്കർമ്മങ്ങൾക്കും മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 2.00 pm. | പാലാ ബ്ലഡ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ബി.എഡ്സ്. കോളേജിൽവച്ച് കേരളാ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ പി. തിലോത്തമൻ, അഭിവന്ദ്യ മുരിക്കൻ പിതാവിന് ഉപഹാരം മൽകി ആദരിച്ചു. |
| 15 | 8.00 am | തീക്കോയി എഫ്.സി.സി. മഠം ചാപ്പലിൽ ബഹു. സിസ്റ്റർ മരിയ അധികാരത്ത് എഫ്.സി.സി.യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 18 | 8.00 pm | അരമനയിൽ ഈശോയുടെ തിരുഹൃദയത്തിരുനാളോടനുബന്ധിച്ച് തിരുഹൃദയ പ്രതിഷ്ഠാ പ്രാർത്ഥനകളിൽ സംബന്ധിച്ചു. |
| 20 | 08.00 am | കത്തീഡ്രലിൽ വച്ച് 3 വൈദികവിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടം നൽകി. |
| 21 | 11.45 am | ചക്കാമ്പുഴ ഇടവകയിൽ കീത്താപ്പിള്ളിൽ ഷിൻസിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 5.00 pm | കൊഴുവനാൽ ഇടവകയിൽ ഭോപ്പാൽ രൂപതാംഗമായ ബഹു. സിറിയക് ജെയിംസ് വടക്കേക്കുറ്റ് (ഉതിരക്കിളിയൻമാക്കൽ) അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 6.30 pm | ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്രമീകരിച്ച മാസധ്യാനത്തിൽ ധ്യാനചിന്തകൾ നൽകി. |
| 22 | 7.00 am | ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് കാറോയ, ഹെവുപ്പദ്യാക്ക്ന പട്ടങ്ങൾ നൽകി. |
| | 11.00 am | മുട്ടിചിറ വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| 23 | 1.00 pm | ബഹു. തോമസ് കൂനമ്മാക്കലച്ചനെ സ്വവസതിയിൽ സന്ദർശിച്ചു. |
| | 02.30 pm | മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |

| | | |
|---|---|---|
| 24 | 1.00 pm | തിടനാട് ഇടവകയിൽ ക്ലാരനഗർ മഠത്തിലെ ബഹു. സി. റോസ് ജോർജ്ജ് കൂർക്കമറ്റം എഫ്.സി.സി.യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 1.30 pm | തിടനാട്, നരിയങ്ങാനം, എടപ്പാടി, കിഴതടിയൂർ, ളാലം പഴയപള്ളി, നെല്ലിയാനി എന്നീ ഇടവകകളിൽ ഹ്രസ്വ സന്ദർശനം നടത്തി. |
| | 06.00 pm | ഗുഡ്ഷെപ്പേഡ് മൈനർ സെമിനാരിയിൽ തത്ത്വ ശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്രമീകരിച്ച മാസധ്യാനത്തിൽ ധ്യാനചിന്തകൾ നൽകി. |
| 25 | 06.30 am | ഗുഡ്ഷെപ്പേഡ് മൈനർ സെമിനാരിയിൽ തത്ത്വ ശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്രമീകരിച്ച മാസധ്യാനത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. |
| 26 | 11.30 am | പാലാ മരിയൻ സെന്റർ ആശുപത്രിയിൽ നടന്ന മീറ്റിംഗിൽ മല്ലികശ്ശേരിയിൽ തോട്ടിൽ വീണ കുട്ടിയെ രക്ഷപ്പെടുത്തിയ കുട്ടികളെ ആദരിച്ചു. |
| 27 | 11.15 am | പ്രവിത്താനം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.15 pm | അരമനയിൽ മല്ലികശ്ശേരിയിൽ തോട്ടിൽ വീണ 2 വയസ്സുകാരിയെ രക്ഷപ്പെടുത്തിയ കുട്ടികളെ ആദരിക്കൽ ചടങ്ങിൽ സംബന്ധിച്ചു. |
| 28 | 08.30 am | തീക്കോയി എഫ്.സി.സി. മഠം ചാപ്പലിൽ ബഹു. സിസ്റ്റർ ലിഗോരിയ ആലപ്പാട്ടുകുന്നേൽ എഫ്.സി.സി. യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.45 am | തീക്കോയി, അടുക്കം, മംഗളഗിരി, അയ്യമ്പാറ എന്നീ ഇടവകകളിൽ ഹ്രസ്വസന്ദർശനം നടത്തി. |
| | 11.00 am | പ്രവിത്താനം ഇടവകയിൽ വെള്ളിയേപ്പള്ളിൽ ശ്രീ വി. എം. മൈക്കിളിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 29 | 06.00 pm | മാർ അപ്രേം സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്കായി ക്രമീകരിച്ച മാസധ്യാനത്തിൽ ധ്യാനചിന്തകൾ നൽകി. |




**മാർ സ്ലീവാ മെഡിസിറ്റിയിൽവച്ച് എ.കെ.സി.സി.യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഷീൽഡ് മാസ്ക് വിതരണം അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.**



**ശാലോം പാസ്റ്ററൽ സെന്ററിൽ Safe Environment Office - ന്റെ വെഞ്ചെരിപ്പുകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.**



**കാറോയ പട്ടം സ്വീകരിച്ചവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം**

2020
JULY

# SANTHWANAPRAKASHAM

PALAI DIOCESAN BULLETIN



മ്ശംശാന പട്ടം സ്വീകരിച്ചവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



ഹെവ്പദ്യാക്കനെ  പട്ടം സ്വീകരിച്ചവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



വൈദികവസ്ത്രം സ്വീകരിച്ചവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം

Printed at St. Thomas Press, Palai and  Published by Fr. John Edettu